

അന്വേഷണം:

# ക്യാമ്പസുകളിലൂടെ.......


## "അല്ല, നമുക്കിതെന്തു പറ്റി?!"

തയ്യാറാക്കിയത്:
**മുഹമ്മദലി**
എം.എ. ഇംഗ്ലീഷ്
**നിദ**
രണ്ടാം വർഷ ഫിസിക്സ്

**കുറച്ചുനാളുകൾക്ക്** മുമ്പുള്ള വാർത്തയാണിത്. അമേരിക്കയിലെ ചാനൽ വൺ ടെലിവിഷൻ കമ്പനി ഒരുഗ്രൻ പദ്ധതി ആവിഷ്കരിച്ചു. 'സ്കൂളുകളിൽ സൗജന്യമായി ടെലിവിഷൻ സെറ്റുകൾ വിതരണം ചെയ്യുക' ഹാ! എത്രവലിയ ഔദാര്യം! പക്ഷെ ഒരു ചെറിയ നിബന്ധന - "ഓരോ പിരീഡ് കഴിയുമ്പോഴും രണ്ടു മിനിട്ടെങ്കിലും ആ സ്കൂളിലെ മുഴുവൻ കുട്ടികളെയും ചാനൽ സംപ്രേഷണം ചെയ്യുന്ന പരസ്യങ്ങൾ നിർബന്ധമായും കാണിക്കണം" ഹേ! എത്ര ലഘുവായ നിബന്ധന. വിദ്യാർത്ഥികൾ എന്നത് അപാര സാധ്യതകളുള്ള ഒരു കമ്പോളമാണെന്ന കുത്തക പരസ്യ ഏജൻസികളുടേയും ചൂഷകരായ മാധ്യമ പ്രമാണിമാരുടെയും തിരിച്ചറിവാണ് ചാനൽ വണ്ണിന്റെ ഈ ശക്തമായ മൂവ്മെന്റിൽ സുവ്യക്തമാകുന്നത്.





അയ്യപ്പപണിക്കർ പാടിയ പോലെ
'വാടിയ പൂവുകളോട-
ല്ലിനിയുണരേണ്ടൊരു മൊട്ടുകളോടല്ലോ'

തങ്ങളുടെ ബ്രാൻഡിനെപ്പറ്റിയും പ്രൊഡക്ടിന്റെ മികവിനെപ്പറ്റിയുമുള്ള 'ഇല്ലാക്കഥകൾ' സത്യമായും പറയേണ്ടത് എന്ന് ഇത്തരം ഏജൻസികൾ മനസ്സിലാക്കിയിരിക്കുന്നു.

ഇവിടെ നാം നമ്മെ വിലയിരുത്തേണ്ടതുണ്ട്. ജീവിതത്തിന്റെ പച്ചയായ ക്യാൻവാസിൽ നമ്മെത്തന്നെ പ്രതിഷ്ഠിച്ച് മന:സാക്ഷിയുടെ സജീവ സാന്നിധ്യത്തിൽ ഒരു സ്വയം വിലയിരുത്തൽ തീർത്തും അനിവാര്യമായി വന്നിരിക്കുന്നു. നമ്മളെന്താ ഇങ്ങനെയൊക്കെ ആയത്? നമ്മുടെ ക്യാമ്പസിന്റെ അലസമായ ഉറക്കത്തിനു കാരണമെന്ത്? പേന പിടിക്കേണ്ട നമ്മുടെ ഇളം കയ്യിൽ കഠാരി പിടിപ്പിച്ചവനാര്? വർണ സ്വപ്നങ്ങളുടെ കലവറയായ ക്യാമ്പസിനെ തുറിച്ച കണ്ണുകളുള്ള സ്വാർത്ഥരായ കരിയറിസ്റ്റുകളുടെ തടവറയാക്കിയതാര്? നമ്മുടെ മഷ്തിഷ്ക്കങ്ങൾ നാമറിഞ്ഞു തന്നെ തട്ടിയെടുക്കപ്പെടുമ്പോൾ അരുതെന്നു തലയാട്ടാൻ പോലുമാവാത്തവരായി നമ്മെ മാറ്റിയതാര്?


**ചർച്ചകളുടെയും സംവാദത്തിന്റെയും ചൂടിൽ നിന്ന് ഇന്റർനെറ്റ് കഫേയിലെയും, ഐസ്ക്രീം പാർലറിലെയും തണുപ്പിലിരുത്തി നമ്മുടെ ഹൃദയങ്ങളെ മരവിപ്പിച്ചതാര്? പണം ദൈവമാണെന്നും സ്ത്രീ സ്വർഗ്ഗമാണെന്നും ലഹരി അമൃതാണെന്നും പറഞ്ഞു നമ്മെ പറ്റിച്ചതാര്? തുടങ്ങി ഒട്ടധികം ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്താനൊരുങ്ങുമ്പോഴേക്കും നമ്മെ ഭരിക്കുന്നവന്റെ, നിരീക്ഷിക്കുന്നവന്റെ, നിയന്ത്രിക്കുന്നവന്റെ ചാരക്കണ്ണുകളിൽ നിന്നും നമ്മെ ഇല്ലാതാക്കാനുള്ള ആജ്ഞ പുറപ്പെട്ടിരിക്കും.**

എന്നിരുന്നാലും നാം നിശബ്ദരായിക്കൂടാ. അല്ലെങ്കിലും നിശബ്ദരാകാൻ നമുക്കെന്തവകാശം? നമ്മുടെ കയ്യിനടിയിലൂടെ അവസാന തുള്ളി ജീവജലം നിലം പതിക്കും മുമ്പേ പ്രതികരിക്കാനാവില്ലെങ്കിൽ ഇവർക്കെതിരെ നിശബ്ദരോഷമെങ്കിലും നാം പ്രകടിപ്പിക്കേണ്ടിയിരിക്കുന്നു. അല്ലാത്ത പക്ഷം കൊടുംപാതകങ്ങൾ നമുക്കു മുകളിൽ തീമഴയായി നിലക്കാതെ പെയ്തിറങ്ങിക്കൊണ്ടിരിക്കും.

രാഷ്ട്രീയവും വിദ്യാഭ്യാസവും കുടുംബവും സംസ്കാരവും-വ്യക്തി തന്നെയും ഒരു പുനർവിചിന്തനത്തിനു തയ്യാറാവുമ്പോൾ നമുക്ക് നമ്മെ നഷ്ടമാകുന്നതെന്തുകൊണ്ടെന്ന അവസരോചിതമായ ചർച്ചക്ക് വഴിയൊരുക്കുകയാണ് 'ക്യാമ്പസുകളിലൂടെ'. തീർത്തും മാറിക്കഴിഞ്ഞ നമ്മുടെ കലാലയങ്ങളിൽ മനുഷ്യത്വത്തിന്റെയും മാനവികതയുടെയും കുറഞ്ഞതെങ്കിലും തെളിമയുള്ള ഉറവയുണ്ടോ? എന്ന അന്വേഷണവുമായി വിവിധ കോളജുകളിലെ വിദ്യാർത്ഥി സുഹൃത്തുക്കളുമായി നേരിട്ടും കത്തുകളിലൂടെയും മാഗസിനു വേണ്ടി ഞങ്ങൾ സംവദിച്ചു.

'ഈ മാറ്റം എന്തുകൊണ്ട്?'- ചോദ്യം കേൾക്കുന്ന വിദ്യാർത്ഥികളിൽ അധികപേരും ഇതൊരു ടാൽക്കം പൗഡറിന്റെയോ ഫേഷ്യൽ ക്രീമിന്റെയോ മറ്റോ പരസ്യത്തിലെ ഡയലോഗല്ലേ എന്നു പറഞ്ഞ് പരിഹസിച്ചുകൊണ്ട് ഒഴിഞ്ഞു മാറുകയായിരുന്നു. ഈ നാട് ഇങ്ങനെയൊക്കെയായിപ്പോയി. ഈ പ്രായത്തിലല്ലേ ഞങ്ങൾക്ക് ഇങ്ങനെയൊക്കെ അടിച്ചു പൊളിച്ചു ജീവിക്കാനാവൂ. കുറച്ചുകഴിഞ്ഞാൽ ഫാമിലിയായി, ജോലിയായി, ടെൻഷനായി കഴിഞ്ഞു കൂടേണ്ടി വരും എന്നും 'ഇങ്ങനെയുള്ള ജീവിതം തന്നെ എന്തു സുഖമാ, എത്രമാത്രം കംഫേർട്ടബിൾ. അവകാശ നിഷേധവും സ്വാതന്ത്ര്യക്കുറവും ഞങ്ങൾ അറിയാറില്ല. ഇതിനിടയിൽ ഇത്ര ചെറുപ്പത്തിലെ തന്നെ ഫിലോസഫിയും സോഷ്യോളജിയും തലയ്ക്കു പിടിച്ചു നടക്കുന്ന നിങ്ങൾ ശരിക്കും മണ്ടന്മാർ തന്നെ.' എന്നും വളരെ ലാവിഷായി ഡയലോഗു വിടുന്നവരെ കണ്ടപ്പോൾ-ഇവരിലേറെപ്പേരും പെൺകുട്ടികളാണെന്നറിയുമ്പോൾ-എന്തോ നാളെയുടെ ക്യാൻവാസിൽ തലങ്ങും വിലങ്ങും കോറിയിട്ട ചില ദുരന്ത ചിത്രങ്ങൾ മാത്രം ഭയാനകമായ രീതിയിൽ തെളിയുന്നുവോ?

ഏറിയ കൂറും ജീവിതത്തിന്റെ പരുക്കൻ യാഥാർത്ഥ്യങ്ങളിൽ നിന്നകന്ന് ഏതോ സ്വപ്ന ലോകത്ത് പൊങ്ങിപ്പറക്കുന്ന അപ്പൂപ്പൻ താടികളായ ഒരു തലമുറയെയാണ്







ഇന്നത്തെ ക്യാമ്പസുകളിൽ കണ്ടുമുട്ടാനായത്. ടെക്നോളജിയുടെ വികാസവും മാധ്യമങ്ങളുടെ ചൂഷണ സ്വഭാവും കലാ സാഹിത്യ രചനകളുടെ പൈങ്കിളിവൽക്കണവും സാംസ്കാരിക നായകരുടെ വിപ്ലവ വീര്യത്തിനേറ്റ അപചയവുമാണ് ഇന്നത്തെ തലമുറയുടെ മാറ്റത്തിന് പിന്നിലെ സ്വാധീന ശക്തികളായി ഞങ്ങൾക്ക് കണ്ടെത്താനായത്. മാനവികതയേയും മനുഷ്യത്വത്തേയും സ്വന്തം മനസ്സാക്ഷിയെ തന്നെയും നിരസിക്കുന്ന പ്രവണത യുവാക്കളിൽ നിന്നും സർവ്വ മേഖലകളിലും ഉണ്ടെന്നും ഭരണകൂടത്തിന്റെ ആത്മാർത്ഥതയില്ലായ്മയും കുത്തക സ്ഥാപനങ്ങളും വ്യക്തികളും രാഷ്ട്രത്തേക്കാൾ വളർന്നു പന്തലിച്ചതും ഇന്നത്തെ ലോകക്രമത്തെ മാറ്റിമറിക്കാൻ കാരണമായെന്നും പലരിൽ നിന്നും ഉദാഹരണസഹിതം മനസ്സിലാക്കാനുമായി.

### "ലൈഫ് ചീറണം, അതിന് സ്പീഡാ മച്ചാ ഒരു ത്രില്ല്....."

എല്ലാ മനുഷ്യരും എല്ലായിപ്പോഴും തിരക്കിലാണ്. ആർക്കും ആരെയും കാത്തിരിക്കാനോ മൈന്റ് ചെയ്യാനോ നേരമില്ല. സ്വന്തം കാര്യം മാത്രം പൂർത്തീകരിച്ചു കിട്ടാൻ മനുഷ്യൻ തിരക്കിട്ടോടുന്നു. മറ്റൊരാളുടെ ദു:ഖത്തിൽ നോട്ടം കൊണ്ടെങ്കിലും ആശ്വാസം പകരാൻ ഇന്നൊരാളുമില്ല. അതേ സമയം അന്യനെപ്പറ്റിയുള്ള നിലവാരം കുറഞ്ഞ ഗോസിപ്പുകൾ സൃഷ്ടിക്കാനും പരസ്യപ്പെടുത്താനും അരമന രഹസ്യങ്ങളിലേക്ക് ഊളിയിട്ടിറങ്ങി അങ്ങാടിപ്പാട്ടാക്കി നിർവൃതി കൊള്ളാനും ഒത്തിരി പേരുണ്ടെന്ന് കുറ്റിപ്പുറം എം.ഇ.എസ്. എഞ്ചിനീയറിംഗ് കോളജിലെ ശബീർ ആലപ്പുഴ ചൂണ്ടിക്കാട്ടുന്നു. സാമൂഹ്യ പ്രവർത്തകർ പോലും ലാഭം മാത്രം ലക്ഷ്യമാക്കിയാണ് പ്രവർത്തിക്കുന്നത്. ഒരു കാലത്ത് നിസ്വാർത്ഥരായ സ്കൂൾ മാസ്റ്റർമാരുണ്ടായിരുന്നു, ആ നാട്ടുകരുടെയെങ്കിലും ക്ഷേമം അന്വേഷിക്കാൻ. ''ഇന്നത്തെ മാഷുമാർ ഉണർന്നെഴുന്നേൽക്കുന്നതു തന്നെ ട്യൂഷൻ പുസ്തകവും കയ്യിൽ വെച്ചാണ്. രാവിലെ ട്യൂഷൻ കഴിഞ്ഞാൽ സ്കൂൾ, സ്കൂൾ വിട്ടാൽ നേരെ ട്യൂഷൻ സെന്ററിൽ, അർദ്ധരാത്രിവരെ സ്വന്തം വീട്ടിലും ട്യൂഷൻ. ഇന്ന് ട്യൂഷൻ കൊണ്ട് പണം നേടാൻ മാഷുമാർ തിരക്കിട്ടോടുമ്പോൾ നാട്ടുകാരെ ശ്രദ്ധിക്കാൻ സമയമെവിടെ?" എറണാംകുളം സെന്റ് ആൽബേർട്സ് കോളജിലെ ഹൃദ്യയുടെ ഈ അഭിപ്രായത്തോട് അതേ കോളേജിലെ തന്നെ നിഖിൽ രാജ് ഇത്രയും കൂടെ കൂട്ടിച്ചേർക്കുന്നു: "സമൂഹത്തോട് കൂടുതൽ പ്രതിബന്ധത പുലർത്തേണ്ട (പുലർത്തിയിരുന്ന) അദ്ധ്യാപക സമൂഹം ഒഴിവു ദിനങ്ങളിൽ മാത്രമല്ല താൻ ജോലി ചെയ്യുന്ന കലാലയത്തിൽ രണ്ടു പിരീഡടുപ്പിച്ച് തനിക്കൊഴിവു കിട്ടിയാൽ ആ സമയം കൂടി പാരലൽ കോളജിലെത്തി ട്യൂഷനെടുക്കാൻ തത്രപ്പെടുന്നത് സ്ഥിരം കാഴ്ചയായിരിക്കുന്നു." വേഗതയില്ലെങ്കിൽ പിന്നെ ഈ ജീവിതത്തിന് എന്ത് ഹരമാണുള്ളതെന്ന് തൃശ്ശൂർ എഞ്ചിനീയറിംഗ് കോളേജിലെ ക്രിസ്റ്റി, ജോണി, രമേഷ് നായർ എന്നിവർ ചോദിക്കുന്നു. "കാലം ആവശ്യപ്പെടുന്നത് അടിപൊളി വേഗതയാണ്, ഞങ്ങളും"- ഒരു മുദ്രാവാക്യം പോലെ അവർ പറഞ്ഞു.

**സ്വന്തം മക്കളെപ്പോലും ദിവസങ്ങളോളം ഒരേ വീട്ടിൽ താമസിച്ചിട്ടുപോലും കാണാതെ അവർക്കായി അധ്വാനിക്കുന്നവരാണ് ഇന്നത്തെ രക്ഷിതാക്കൾ. ഇവരുടെ ജീവിതമോർത്താൽ ചിരിക്കണോ കരയണോ എന്ന ധർമ്മ സങ്കടത്തിലാണ് ഞങ്ങളെന്ന് മഞ്ചേരി യൂനിറ്റി കോളേജിലെ ലുബ്ന, ലക്ഷ്മി, മുബീന എന്നിവർ പറഞ്ഞു. ഈ വേഗതയ്ക്കിടയിൽ നമുക്ക് വില പിടിച്ച പലതും നഷ്ടപ്പെടുന്നത് നാം അറിയാതെ പോകുന്നു.**

സ്നേഹം, പരസ്പര വിശ്വാസം, സംതൃപ്തമായ ജീവിതം, ആഹ്ലാദകരമായ ഓർമ്മകൾ തുടങ്ങി നമ്മുടെ ഓരോ ദിനവും അനുഭവങ്ങളില്ലാത്ത വിധം നമ്മിൽ നിന്നും കടന്നു പോകുന്നു. ഓർമ്മകളും അനുഭവങ്ങളുമില്ലാത്ത ഒരു കൂട്ടമായി മാറാൻ ഇനിയധികം നാൾ വേണ്ടിവരില്ലെന്ന് തിരൂരങ്ങാടി പി.എസ്.എം.ഒ. കോളജിലെ രണ്ടാം വർഷ കെമിസ്ട്രിയിലെ സുമയ്യ കണക്കുകൂട്ടുന്നു. അതെ, ഇങ്ങനെ വേഗത മുദ്രയാക്കി നീങ്ങുന്ന നമ്മൾ കേവലം യന്ത്രങ്ങളായി മാറുകയാണെന്ന് അതെ കോളജിലെ തന്നെ രണ്ടാം വർഷ ഹിസ്റ്ററിയിലെ മുഹ്സിന പറയുന്നു







### "എനിക്കും മകനും ശേഷം പ്രളയം"

വേഗതയെപ്പോലെ തന്നെ മനുഷ്യനെ സമൂഹത്തിൽനിന്ന് അകറ്റുന്ന ഒന്നാണ് സ്വാർത്ഥത. സ്വാർത്ഥതയുടെ മൂർത്തീഭാവങ്ങളായി എണ്ണപ്പെടാത്തവർ നമുക്കിടയിൽ ആരുമില്ല. പരസ്പര സ്നേഹവും കെട്ടുറപ്പുള്ള ബന്ധങ്ങളും ഇന്ന് കഥകളിൽ മാത്രമേ അനുഭവിക്കാനാവുന്നുള്ളൂവെന്ന് തിരുവനന്തപുരം കാര്യവട്ടം യൂനിവേഴ്സിറ്റി ക്യാമ്പസിലെ ശ്രീനയും ഷമീമയും അഭിപ്രായപ്പെടുന്നു. മനുഷ്യനെ എത്ര മാത്രം ക്രൂരനും സ്വാർത്ഥനുമാക്കി മാറ്റാമെന്ന് തെളിയിക്കുകയാണ് ശാസ്ത്രത്തിന്റെ ഇന്നത്തെ ഓരോ കണ്ടെത്തലുകളുമെന്ന് ആനക്കയത്തെ കെ.പി.പി.എം. കോളജ് ഓഫ് ടീച്ചർ എഡ്യൂക്കേഷനിലെ അബൂബക്കർ സിദ്ധീഖ് വ്യക്തമാക്കുന്നു. സമൂഹത്തിലെ സമസ്ത ഭാഗങ്ങളിലേക്കും മനുഷ്യന്റെ സ്വാർത്ഥത പടർന്നു പന്തലിച്ചിരിക്കുന്നു. കല, കായികം, സാഹിത്യം, മതം, വർഗ്ഗം, രാഷ്ട്രീയം, സൗഹൃദം എന്നിവയിൽ പോലും നാം വഞ്ചിക്കപ്പെട്ടു കൊണ്ടിരിക്കുകയാണ്. കൊച്ചു ഗ്രാമങ്ങളിൽ പോലും സ്വാർത്ഥരായ ചെകുത്താൻമാർ പ്രശ്നങ്ങൾ സൃഷ്ടിക്കുമ്പോൾ മാത്രമാണ് നമ്മുടെ ലോകം എത്രമാത്രം വികൃതമായ രീതിയിലേക്ക് മാറിയിരിക്കുന്നു എന്ന് നാം അറിയുന്നുള്ളു.

മാറാടും ഗുജറാത്തും കാശ്മീരും ബാബരി മസ്ജിദുമൊക്കെ ഇന്നും പരിഹരിക്കപ്പെടാനാവാത്ത സങ്കീർണ്ണതകളായി നമുക്ക് മുമ്പിൽ ചോദ്യചിഹ്നങ്ങളായി അവശേഷിക്കുന്നു. ഇവയ്ക്കു പിന്നിൽ മൂന്നാംകിട രാഷ്ട്രീയക്കാരുടെയും കുത്തകമുതലാളിമാരുടെയും സ്വാർത്ഥതാല്പര്യങ്ങൾ നിലനിൽക്കുന്നതു കൊണ്ടുമാത്രമാണ് ഇവ പൂരിപ്പിക്കപ്പെടാനാവാത്ത പ്രശ്നോത്തരികളായി ബാക്കിയായതെന്ന് പെരിന്തൽമണ്ണ ഗവൺമെന്റ് പോളി ടെക്നിക്കിലെ മുഹമ്മദ് തമീമും, റഫീഖ് മുഹമ്മദും, കൃഷ്ണ കുമാറും വിലയിരുത്തുന്നു. രാഷ്ട്രീയക്കാരുടെ അനാവശ്യമായ ഇടപെടൽ കൊണ്ടു മാത്രമാണ് നിരപരാധിയായ മഅ്ദനി തടവറയിൽ നിശബ്ദ രോഷവുമായി കഴിയുന്നതെന്ന് പാലക്കാട് ആർ.ജി.എം.ടി.ടി.ഐ. വിദ്യാർത്ഥിയായ അനീഷ് കുമാർ പറയുന്നു. "അവശനും നിത്യരോഗിയുമാണ് അദ്ദേഹമെന്ന പരിഗണനയെങ്കിലും സർക്കാർ കാണിക്കേണ്ടതല്ലേ?" കോഴിക്കോട് ആർട്സ് കോളജിലെ അലി ചോദിക്കുന്നു. ഉറക്കം കെടുത്തുന്ന വിപ്ലവകാരികളെ ഭരണാധികാരികൾ എങ്ങനെ മയക്കുന്നു എന്ന് അറിയാൻ ഇന്നത്തെ ചരിത്ര വിദ്യാർത്ഥികൾ ഹിറ്റ്ലറെയോ, മുസ്സോളിനിയെയോ പഠിക്കേണ്ടതില്ല. മഅ്ദനിയുടെ ദുരന്ത കഥയും മോഡിയുടെ വിജയഗാഥയും കണ്ടും കേട്ടും അറിഞ്ഞവരാണല്ലോ അവർ, മലപ്പുറം ഗവ: കോളേജിലെ നൗഫൽ. പി.കെ. വാചാലനായി.

**ഉറക്കം കെടുത്തുന്ന വിപ്ലവകാരികളെ ഭരണാധികാരികൾ എങ്ങനെ മയക്കുന്നു എന്ന് അറിയാൻ ഇന്നത്തെ ചരിത്ര വിദ്യാർത്ഥികൾ ഹിറ്റ്ലറെയോ, മുസ്സോളിനിയെയോ പഠിക്കേണ്ടതില്ല. മഅ്ദനിയുടെ ദുരന്ത കഥയും മോഡിയുടെ വിജയഗാഥയും കണ്ടും കേട്ടും അറിഞ്ഞവരാണല്ലോ അവർ, മലപ്പുറം ഗവ: കോളേജിലെ നൗഫൽ. പി.കെ. വാചാലനായി.**

പണമാണ് ഇന്നത്തെ കാലത്തും നമ്മെ ഭരിക്കുന്നത്. ദൈവങ്ങൾ പോലും കച്ചവടക്കണ്ണിലാണ് ഭക്തരെ സമീപിക്കുന്നത് നേരെ തിരിച്ചും. മതം വലിയ വരുമാന മാർഗ്ഗമുള്ള വ്യവസായമായി മാറിയിരിക്കുന്നു, പി.എസ്.എം.ഒ. കോളേജിലെ നജ്മുദ്ദീൻ ഇ.വി അഭിപ്രായപ്പെട്ടു. "പണമില്ലെങ്കിൽ പടച്ചവനുപോലും പടപ്പുകളെ വേണ്ടാത്ത ഇക്കാലത്ത് ജീവിതം താളം തെറ്റാതെ കൊണ്ടു നടക്കാൻ ഇത്തിരി പാടുതന്നെയാണ്."

### "എന്തുകൊണ്ട് ഞാൻ ഒറ്റപ്പെടുന്നു?"

ഈയിടെയായി പലരും പലപ്പോഴായി സ്വന്തം മനസ്സിൽ ചോദിച്ചുകൊണ്ടിരിക്കുന്ന പ്രസക്തമായ ചോദ്യമാണിത്. നമ്മൾ ഒറ്റപ്പെട്ടുപോകുന്നത് നമ്മുടെ മാത്രം കുറ്റം കൊണ്ടാണോ? മന:പൂർവ്വം ആരെങ്കിലും നമ്മെ ഒറ്റപ്പെടുത്താൻ ശ്രമിച്ചുകൊണ്ടിരിക്കുന്നുണ്ടോ? പാർശ്വവൽക്കരിക്കപ്പെട്ട (Marginalized Person) കഴിഞ്ഞവരാണോ നാം? ഇത്തരം ചോദ്യങ്ങൾ ആരെങ്കിലും ഒന്ന് ചോദിച്ചു കിട്ടാൻ കാത്തിരുന്ന പോലെയാണ് പലകുട്ടികളും ഞങ്ങളോട് പ്രതികരിച്ചത്. ഈ ചോദ്യത്തിന് സ്വാനുഭവങ്ങളുടെ എരിവും പുളിയും ചേർത്ത് തികഞ്ഞ വാചാലതയോടെയാണ് ഉത്തരം പറഞ്ഞത്. സംസാരത്തിനിടയിൽ ഒരാൾ വിതുമ്പിപ്പോ

**അയൽവാസിയുടെ വീട്ടിലെ സുഖമോ, സന്തോഷമോ, ദുഃഖമോ, വേദനയോ നാം അറിയാറില്ല; അറിയാൻ ശ്രമിക്കാറില്ലെന്നതാണ് കൂടുതൽ സത്യം. നമ്മളെ കുറ്റം പറഞ്ഞിട്ടും കാര്യമില്ല കാരണം നമ്മൾ അവർക്ക് ശല്യമായിത്തീരുമോ എന്നതാണ് പ്രശ്നം, ഫാറൂഖ് കോളേജിലെ മൂന്നാം വർഷ ബി.കോമിലെ ജിഷ വിശദീകരിക്കുന്നു.**




കുകയും ചെയ്തത് ഞങ്ങളെ വല്ലാതെയാക്കി.

ആൾക്കൂട്ടത്തിനിടയിൽ പോലും ഒറ്റപ്പെടുന്നവർ ഇന്നനവധിയാണ്. ആർക്കും ആരും ഭാരമാകാതിരിക്കാൻ ഓരോരുത്തരും പരമാവധി ശ്രദ്ധിക്കുന്നു; എങ്കിലല്ലേ കടമകളും കടപ്പാടുകളുമില്ലാതെ ജീവിക്കാനാവൂ. മനുഷ്യന്റെ സ്വാർത്ഥത തന്നെയാണ് ഈ ഒറ്റപ്പെടലിന് മുഖ്യകാരണമെന്ന് അരീക്കോട് എം.ഇ.എ. സുല്ലമുസ്സലാമിലെ ആഷിറയും, ആർദ്രയും പറയുന്നു. സ്വന്തം സുഖത്തിനുവേണ്ടി നാം പലരേയും മനഃപൂർവ്വം അവഗണിക്കുന്നു. പലരും നമുക്ക് പാരയാവുമോ എന്ന് ഭയക്കുന്നു. ഒന്നു ചീഞ്ഞാലേ മറ്റൊന്നിന് വളമാകൂ എന്ന് പഴമക്കാർ പറയുന്നത് എത്രമാത്രം ശരിയാണെന്ന് തലശ്ശേരി ഗവൺമെന്റ് കോളജ് ഓഫ് ടീച്ചർ എഡ്യൂക്കേഷനിലെ ഹാരീസ് ചോദിക്കുന്നു. ഒരു വിഭാഗത്തിന് വളരണമെങ്കിൽ അതിനെ എതിർക്കുന്ന മറു വിഭാഗം ഇല്ലാതാകണം. അതിജീവനം എന്നതാണ് ഇന്ന് മത്സര രംഗത്തുള്ള എല്ലാവരുടേയും ലക്ഷ്യം. അയൽവാസിയുടെ വീട്ടിലെ സുഖമോ, സന്തോഷമോ, ദുഃഖമോ, വേദനയോ നാം അറിയാറില്ല; അറിയാൻ ശ്രമിക്കാറില്ലെന്നതാണ് കൂടുതൽ സത്യം. നമ്മളെ കുറ്റം പറഞ്ഞിട്ടും കാര്യമില്ല കാരണം നമ്മൾ അവർക്ക് ശല്യമായിത്തീരുമോ എന്നതാണ് പ്രശ്നം, ഫാറൂഖ് കോളേജിലെ മൂന്നാം വർഷ ബി.കോമിലെ ജിഷ വിശദീകരിക്കുന്നു. അതു കാരണം നാം അയൽവാസികളിൽ നിന്നും അകലുന്നു. ഇതിലൂടെ രണ്ടു കുടുംബങ്ങളാണ് ഒറ്റപ്പെട്ടു വേറിട്ടു നിൽക്കുന്നത്. അന്യർക്ക് ശല്യമാവുമോ എന്ന ഭയം നമ്മെ ഒറ്റപ്പെടുത്തുന്നുവെന്ന് എറണാംകുളം കോലഞ്ചേരി മെഡിക്കൽ കോളജിലെ ശബീറലി അഭിപ്രായപ്പെടുന്നു. അതേ കോളജിലെ തന്നെ ശഫീഖിനും ഇതേ അഭിപ്രായം തന്നെയാണുള്ളത്.

വീട് എന്നതിന്റെ നിർവ്വചനം തന്നെ മാറിയിരിക്കുന്നു. "എന്തു ടെൻഷനുണ്ടെങ്കിലും വീട്ടിലെത്തിയാൽ അമ്മയുടെയും അച്ഛന്റെയും അരികിലെത്തിയാൽ സമാധാനം കിട്ടുമെന്നൊക്കെ പറയുന്നതു വെറുതെയാ. വീട്ടിലെത്തിയാലാണ് എന്റെ ടെൻഷൻ കൂടുക. ഇവിടെ കോളജിലിങ്ങനെ കൂട്ടുകൂടി നടക്കുമ്പോഴാ ഒരല്പം ആശ്വാസം കിട്ടുന്നത്." കോട്ടയം ബി.സി.എം. കോളജിലെ മോനിഷയുടെ ഈ അഭിപ്രായത്തോടു പക്ഷെ മലപ്പുറം പുത്തനത്താണി ലേണേഴ്സ് കോളജിലെ നൂർജ്ജയും ദീപയും യോജിക്കുന്നില്ല. "എന്തു പ്രശ്നമുണ്ടെങ്കിലും വീട്ടിൽ തുറന്നു പറയാനുള്ള മനസ്സു കാണിക്കണം. വീടിനുള്ളിൽ പരസ്പരം മനസ്സിലാക്കി വേണം ജീവിക്കാൻ." ഇരുവരും അഭിപ്രായപ്പെടുന്നു. "പക്ഷെ, മനസ്സു തുറക്കാൻ രക്ഷിതാക്കളെ കിട്ടിയെങ്കിലല്ലേ? അമ്മ ഓഫീസ് വിട്ടെത്തിയാൽ അടുക്കളയിൽ നൂറുകൂട്ടം പണിയുണ്ടാകും. അച്ഛനാണെങ്കിൽ വളരെ വൈകിയാണ് എത്തുക. അതിരാവിലെ എഴുന്നേൽക്കേണ്ടതുള്ളതു കൊണ്ട് ഞാൻ നേരത്തെ കിടക്കും. മൂന്നാഴ്ച കൂടുമ്പോൾ രണ്ടു ദിവസത്തെ അവധിക്ക് വരുന്ന ഏട്ടനാണ് വീട്ടിലെ ആകെയുള്ള കമ്പനി."-ഇത്രയും പറയുമ്പോഴേക്കും തിരൂർ ടി.എം.ജി. കോളേജിലെ റഹീലയ്ക്ക് കണ്ഠമിടറുന്നു.

കോളജിലായാലും വിശ്വസിക്കാൻ പറ്റിയ കൂട്ടുകാരെയൊന്നും നമുക്ക് കിട്ടാറില്ല. അവിടെയും പണമാണ് കൂട്ടുകാരെ തിരഞ്ഞെടുക്കാനുള്ള ഏക മാനദണ്ഡം. പെൺകുട്ടിയാണെങ്കിൽ ഇത്തിരി സൗന്ദര്യമുണ്ടായാൽ കൂട്ടുകാരെ കിട്ടിയെന്നിരിക്കും. "ഇവിടെ ഒറ്റപ്പെടുമ്പോഴാണ് നമുക്ക് ജീവിതം ആനന്ദിക്കാൻ പറ്റുന്നില്ലല്ലോ എന്ന് തോന്നുക." കോഴിക്കോട് മീഞ്ചന്ത ഗവ: ആർട്സ് കോളജിലെ ഹിസ്റ്ററി വിദ്യാർത്ഥി ഫസൽ റഹ്മാനിന്റെതാണീ സങ്കടം. "സുരക്ഷിതത്വവും അഭയവും പ്രധാനം ചെയ്യാത്ത ഇന്നത്തെ വീടുകളെ കേവലം കെട്ടിടങ്ങൾ എന്നേ വിളിക്കാൻ പാടുള്ളൂ. ഗൃഹാതുരത്വം എന്ന വാക്കുനു തന്നെ അർത്ഥമാറ്റം സംഭവിച്ചിരിക്കുന്നു." കോഴിക്കോട് റീജിനൽ എഞ്ചിനീയറിംഗ് കോളജിലെ ജീജോ ഇങ്ങനെ പറയാൻ കാരണമുണ്ട്.



## "കാലത്തിനൊത്ത് കോലം മാറിയ കലകൾ"

കലകൾപോലും ഇന്ന് പണത്തിന്റെ ചിറകുകളിലാണ് പറക്കുന്നത്. നേരത്തെ പറഞ്ഞ ഗൃഹാതുരത്വം കല കളിലും സംഭവിച്ചിരിക്കുന്നു എന്നാണ് ജീജോ പറയുന്നത്. പണമുള്ളവന് മാത്രം അനുഭവിക്കാനും ആസ്വദി ക്കാനും ഉള്ളതായിരിക്കുന്നു കല. പണ മില്ലാത്തവന് ഇന്ന് നാടകവും നൃത്ത ങ്ങളും കണ്ടാസ്വദിക്കണമെങ്കിൽ തൊട്ട ടുത്തെവിടെയെങ്കിലും സ്കൂൾ യുവജ നോത്സവങ്ങളോ പഞ്ചായത്ത് ഉത്സവ ങ്ങളോ നടക്കണമെന്ന് തലശ്ശേരി ബ്രണ്ണൻ കോളജിലെ അനിതയും ഫൗസിയയും അഭിപ്രായപ്പെടുന്നു. "എന്നാൽ ഇത്തരം കലോത്സവങ്ങളിൽ പങ്കെടുക്കാനുള്ള മിനിമം യോഗ്യത കയ്യിൽ പണമുണ്ടോ എന്നതു തന്നെ യാണ്." അതേ കോളജിലെ രണ്ടാം വർഷക്കാരനായ ജോൺ മത്തായി ഇങ്ങനെ പറയാൻ കാരണമുണ്ട്. നൃത്താവതരണത്തിന്റെ കോസ്റ്റ്യൂമു കൾക്ക് വലിയ വാടകയാണിന്ന്. അദ്ധ്യാപകർക്കാണെങ്കിൽ വലിയ ഡിമാന്റും താങ്ങാനാവാത്ത പഠന ഫീസും. പിന്നെ മത്സരങ്ങളിൽ ഫസ്റ്റോ സെക്കന്റോ കിട്ടുമെന്നു കൊതിക്കു കയേ വേണ്ട. കാരണം അതെല്ലാം കൂടു തൽ പണവും സ്വാധീനവുമുള്ളവർ ആദ്യമേ ജഡ്ജിനു കൊട്ടേഷനും നൽകി കാത്തിരിക്കുന്നുണ്ടാവും.

"നമ്മുടെ സംസ്കാരം പോലെ നമ്മുടെ കലകളും നമുക്ക് നഷ്ടമാവു കയാണ്."-പുത്തനങ്ങാടി സെന്റ് മേരീസ് കോളജിലെ അജീഷ് കണ്ടെ ത്തുന്നു. നമുക്ക് നമ്മുടേതു മാത്രമായ ഒരു കലാ സംസ്കാരമുണ്ടായിരുന്നു. കഥകളിയും മറ്റു നൃത്തങ്ങളും ഇന്നു വിദേശ കമ്പോളങ്ങളിൽ ലേലം വിളി ക്കപ്പെടാനും വിദേശ വിനോദ സഞ്ചാ രികളെ വലവീശിപ്പിടിക്കാനുമുള്ളതായി മാറിയിരിക്കുന്നു. ഇന്നു നമ്മുടെ ദേശീയ നൃത്തം സിനിമാറ്റിക് ഡാൻസ് ആയിരിക്കുകയാണെന്ന് അരീക്കോട് വിമൻസ് കോളജിലെ സുഭാഷിണി യുടെ അഭിപ്രായം. സിനിമാറ്റിക് ഡാൻസിലെ അയത്ന ലാളിത്യമാണ് അതിനെ ജനകീയമാക്കുന്നതെന്നും അതിലെ ചുവടുകളുടെ ഭംഗി ആരെയും വശീകരിക്കുന്നതാണെന്നും കോഴി ക്കോട് ഡി.ഒ.ഇ.എ.സി. സെന്ററിലെ അഭി അഭിപ്രായപ്പെടുന്നു.

**എന്തൊക്കെയായാലും നമ്മുടെ നൃത്തങ്ങൾ കടൽ കടത്തപ്പെട്ടിരിക്കു ന്നുവെന്നും വിദേശങ്ങളിലേക്ക് കയറ്റി അയക്കപ്പെടാതെ അവശേഷിക്കുന്ന കലകൾ വിദേശികളുടെ അഭിരുചി കൾക്കനുസരിച്ച് വേഷം കെട്ടിയാടു കയാണെന്നും തന്നെയാണ് ഭൂരി പക്ഷം വിദ്യാർത്ഥികളുടെയും അഭി പ്രായം.**

സിനിമാറ്റിക് ഡാൻസ് നിരോധിക്കേ ണ്ടതില്ലെന്നും അതിന് ലിഖിതമോ അലിഖിതമോ ആയ നിയമങ്ങളും ചട്ട ങ്ങളും ഇല്ലാത്തതിനാലാണ് അവ ലൈംഗികാഭാസങ്ങൾ കൊണ്ട് കുത്തി നിറയ്ക്കപ്പെട്ടതെന്നും ചിലർക്ക് അഭി പ്രായമുണ്ടായിരുന്നു. എണ്ണമറ്റ ചാനലു കൾ സിനിമയും സീരിയലും മറ്റു സ്പോൺസേർഡ് പ്രോഗ്രാമുകളും പ്രദർശിപ്പിക്കുമ്പോൾ അവയുടെ ഗുണ നിലവാരവും ആശയങ്ങളും സന്ദേശ ങ്ങളും ശ്രദ്ധിക്കാറേയില്ല. മുറുകിയ മത്സരങ്ങളിൽ ചാനലുകളുടെ നേട്ടം പരസ്യങ്ങളിലാണ്. പിന്നെ അവരെ പറ ഞ്ഞിട്ടും കാര്യമില്ല. അശ്ലീലതയും ആഭാ സകരവുമായ ദ്വയാർത്ഥ പ്രയോഗങ്ങ ളായി ഇന്നത്തെ ഫലിതങ്ങൾ മാറി യെന്ന് കോഴിക്കോട് ഫാറൂഖ് ട്രെയി നിംഗ് കോളജിലെ തോംസൺ അഭിപ്രാ യപ്പെടുന്നു. കോമഡികളുടെ അതിപ്ര സരം കൊണ്ടോയെന്നറിയില്ല നിലവാ രത്തകർച്ച നേരിട്ടുകൊണ്ടിരിക്കുന്ന ഒരു ശാഖയായി ഇന്നത്തെ കോമഡികൾ മാറിയിരിക്കുന്നു എന്ന് തോംസൺ കൂട്ടി ച്ചേർത്തു.

ഇന്നത്തെ ചാനലുകളിലെയും സിനിമകളിലെയും ഫലിതങ്ങളും ഹാസ്യങ്ങളും കണ്ടാൽ ചിരിക്കു പകരം കരച്ചിലാണ് വരികയെന്നാണ് പാല ക്കാട് ലിറ്റിൽ ഫ്ളവർ കോളജിലെ ഷെറിൻ പറയുന്നത്.





ചാനലുകളിലൂടെ ഒഴുകിയെത്തുന്ന പരിപാടികൾ ഇന്നേറെയും ലക്ഷ്യം വെക്കുന്നത് സ്ത്രീകളുടെയും കുട്ടികളുടെയും സമയം, ചിന്ത, പ്രവൃത്തി എന്നിവയെയാണ്. നാലാൾ കൂടുന്നിടത്ത് ചർച്ച ചെയ്യപ്പെടുന്നത് തങ്ങൾക്ക് നഷ്ടമായ എപ്പിസോഡുകളും. ഇത്തരത്തിൽ നമ്മുടെ സമൂഹത്തിൽ സീരിയൽ ഭ്രാന്ത് സർവ്വ വ്യാപകമായിട്ടുണ്ടെന്ന് കോട്ടയം സി.കെ. കോളജിലെ ജിജോ അബ്രഹാം പറയുമ്പോൾ അതേ കോളേജിലെ ആശാ മേനോൻ ചോദിക്കുന്നു. "സ്ത്രീകൾ സീരിയൽ കാണുന്നത് മാത്രമാണോ കുറ്റം? കുട്ടികൾ കാർട്ടൂണും ആണുങ്ങൾ ക്രിക്കറ്റും കാണാൻ സമയം കളയുന്നത് പ്രശ്നമല്ലേയെന്ന്."

ചുരുക്കത്തിൽ ടി.വി.യുടെ സാന്നിദ്ധ്യം നമ്മുടെ കുടുംബ വ്യവസ്ഥിതിയെ ആകെ മാറ്റിമറിച്ചിരിക്കുന്നു എന്നതിൽ ആർക്കും എതിരഭിപ്രായമില്ല.

### "നൂറ്റഞ്ചു കോടിക്കാകെയൊരു ക്രിക്കറ്റ് ബാറ്റ്............?!"

മികച്ച കായിക പാരമ്പര്യമുള്ള ഒരു നാടാണ് ഇന്ത്യ. ഇന്നും നേട്ടങ്ങളുടെ കൊടുമുടിയിൽ എത്തിപ്പെടാൻ പ്രാപ്തിയുള്ള ഒരു പിടി കായിക താരങ്ങൾ നമുക്ക് സ്വന്തമായുണ്ട്. പക്ഷെ വേണ്ട തരത്തിലുള്ള ട്രീറ്റ്മെന്റ് അവർക്ക് കിട്ടണമെന്ന് മാത്രം. **ലോകത്തിലെ മറ്റൊരു രാജ്യത്തിനും കിട്ടാത്തത്ര ആരാധകരുടെയും കാണികളുടെയും പിന്തുണയുണ്ടായിട്ടും ഈ നൂറ്റഞ്ചു കോടിജനങ്ങളുടെ പ്രാർത്ഥനകൾക്ക് ഉത്തരം നൽകാൻ സച്ചിൻ ടെണ്ടുൽക്കർ എന്ന ജീനിയസിന്റെ ബാറ്റിനേ കഴിയുന്നുള്ളൂ. അതും വല്ലപ്പോഴും മാത്രം.** ചെസ്സിൽ വിശ്വനാഥൻ ആനന്ദിനേയും, ടെന്നീസിൽ മഹേഷ് ഭൂപതിയെയും, ലിയാണ്ടർ പേസിനേയും, സാനിയാ മിർസയെയും, അത്‌ലറ്റിക്സിൽ അഞ്ജു ബോബി ജോർജ്ജിനേയും മാത്രമെ നമുക്ക് നമ്മുടേതായി ഉയർത്തിക്കാണിക്കാൻ കഴിയുന്നുള്ളൂ. കഴിവുറ്റ ഒത്തിരി കായിക താരങ്ങളുണ്ട് ഇന്ത്യയിൽ എന്നതിൽ ആർക്കും ഒരു തർക്കവുമില്ല. ഇവരെ കണ്ടെത്താൻ വൈകുന്നു എന്നതാണ് പ്രശ്നം. കണ്ടെത്തിയാൽ തന്നെ ദേശീയ ടീമിലാണോ, ആഭ്യന്തര ടീമുകളിലാണോ താൻ എന്ന ആശയക്കുഴപ്പം ഇന്നത്തെ താരങ്ങൾക്കുണ്ടാകത്തക്ക രീതിയിലാണ് ഓരോ കായിക രംഗത്തെയും മേലാളന്മാരുടെ പ്രവർത്തനങ്ങളെന്ന് ഫാറൂഖ് കോളജിലെ ഹാന്റ്ബോൾ പ്ലയറായ സാജിദ് അഭിപ്രായപ്പെടുന്നു.

ആണുങ്ങളുടെ കളിയായ ഫുട്ബാളിൽ ഇന്ത്യ ഇന്നും ശിശുക്കളാണെന്നുള്ളത് ലജ്ജിപ്പിക്കുന്ന സത്യമാണെന്ന് കാലിക്കറ്റ് യൂനിവേഴ്സിറ്റി ക്യാമ്പസിലെ ആൽബർട്ട് പറയുന്നു. കറുത്ത മാനും ബംഗാൾ കുതിരയും കേരളത്തിൽ നിന്നുള്ള ഗജകേസരികളും ഇന്നും ഒരു പക്ഷെ ഫുട്ബോളിൽ നമ്മുടെ ആവേശമായിരിക്കാം. എന്നാൽ ലോക നിലവാരത്തിലേക്കുയരാൻ നമ്മുടെ ഈ കായിക താരങ്ങൾക്കൊന്നും സാധിച്ചിട്ടില്ല.


രാഷ്ട്രീയക്കാരുടെ അനാവശ്യമായ ഇടപെടലുകളും കളിയെക്കുറിച്ച് തീരെ അറിയാത്തവർ കായിക രംഗത്തിന്റെ മേൽനോട്ടം വഹിക്കുന്നതുമാണ് ഇന്ത്യൻ കായിക രംഗത്തിനേറ്റ അപചയമെന്ന് തൃശ്ശൂർ എഞ്ചിനീയറിംഗ് കോളജിലെ മാത്യൂ എബ്രഹാം പറയുന്നു. മലപ്പുറം മമ്പാട് എം.ഇ.എസ്സിലെ ഷറഫുദ്ദീനും ഇതേ അഭിപ്രായം തന്നെയാണ് നിരത്താനുള്ളത്. മാധ്യമങ്ങൾ ഇന്നു കായിക രംഗത്തിനു വേണ്ട പ്രോത്സാഹനങ്ങൾ നൽകുന്നുണ്ട്. കളിക്കാരെ ട്രീറ്റു ചെയ്യുന്നതിൽ മാധ്യമങ്ങൾ കാണിക്കുന്നതിന്റെ അൽപമൊരാത്മാർത്ഥതയെങ്കിലും സർക്കാറിനു കാണിച്ചുകൂടേയെന്നാണ് ഷറഫുദ്ദീന്റെ ചോദ്യം. പത്രങ്ങളും, ചാനലുകളും പക്ഷെ ക്രിക്കറ്റിനുമാത്രം കൂടുതൽ പ്രാധാന്യം നൽകുന്നതെന്തിനാണ് എന്നാണ് മഞ്ചേരി ദി ടൗൺ കോ-ഓപ്പറേറ്റീവ് കോളജിലെ അനീഷത്തിനും സൗദയ്ക്കും അറിയേണ്ടത്.



## "സംസാരിക്കാനറിയാത്ത സാംസ്കാരിക പ്രവർത്തകർ...."

**നമ്മുടെ സാംസ്കാരിക രംഗം അപ്പാടെ കീഴ്മേൽ മറിഞ്ഞിരിക്കുന്നു. നമ്മുടെ സ്വന്തമെന്ന് വിശ്വസിച്ച് നമ്മൾ നെഞ്ചോട് ചേർത്ത് വെച്ചതെല്ലാം നമ്മിൽ നിന്നും നാമറിയാതെ ചോർന്നു പോയിരിക്കുന്നു. ഒരു വ്യക്തി അയാളെ തന്നെ ഭയന്നാണ് ഇന്ന് ജീവിക്കുന്നത്. മറ്റാരെയെല്ലാമോ അനുകരിച്ച് ആരുമായിത്തീരാതെ സ്വന്തത്തെപ്പോലും നഷ്ടപ്പെട്ടവരായി തീർന്നിരിക്കുകയാണ് നാം. നമ്മളറിഞ്ഞും അറിയാതെയും നമ്മെ ആരൊക്കെയോ നിയന്ത്രിക്കുകയാണ്. അവർക്കെതിരെ ചെറുവിരൽ പോലും അനക്കാനാവാതെ നാം നിസ്സഹായരായി തീർന്നിരിക്കുന്നു. സ്വയം നിർവ്വചിക്കപ്പെടും മുമ്പെ നാം മാറിക്കൊണ്ടിരിക്കുന്നു; ഒന്നും നമ്മളറിയാതെ തന്നെ.**

മൈക്കിനു മുമ്പിൽ നിന്നു അതുമിതും പുലമ്പുക മാത്രം ചെയ്യുന്ന ആത്മാർത്ഥതയില്ലാത്ത സാംസ്കാരിക പ്രവർത്തകരാണ് ഈ അപചയത്തിന് കാരണമെന്ന് കോഴിക്കോട് ദേവഗിരി സെന്റ് ജോസഫ് കോളജിലെ റഫീക്ക് കുറ്റപ്പെടുത്തുന്നു. സമ്പൂർണ്ണ സാക്ഷരരായിട്ടും നമുക്ക് നമ്മുടെ വായുവും മണ്ണും ജലവും എന്തിന്, സ്വന്തം ഹൃദയങ്ങൾപോലും സംരക്ഷിക്കാൻ കഴിയുന്നില്ലെന്ന് ദേവഗിരിയിലെ ആൻസിയും സങ്കടപ്പെടുന്നു.



ലൈംഗിക പീഢനങ്ങൾ ഇന്ന് സർവ്വ സാധാരണമായ ഒരു നാട്ടുനടപ്പായി മാറിയിരിക്കുന്നു. അപകട മരണങ്ങൾ, ഭ്രൂണഹത്യകൾ, ആത്മഹത്യകൾ, കൊലപാതകങ്ങൾ, അഴിമതികൾ, അതിക്രമങ്ങൾ, മോഷണങ്ങൾ, ചൂഷണങ്ങൾ തുടങ്ങി അധർമ്മങ്ങളുടെ പട്ടിക നിരത്തിയാൽ കേരളത്തിൽ ഇവയിലൊന്നുപോലും ഇല്ലാത്തതായി ഉണ്ടാവില്ലെന്ന് ഗവ: പോളിടെക്നിക് കോളജിലെ അഷ്റഫ് പറയുന്നു. എല്ലാം കണ്ടിട്ടും കാണാത്തപോലെ അഭിനയിക്കുകയും ചുമ്മാ അനാവശ്യകാര്യങ്ങളുണ്ടാക്കി ജീവിത പ്രശ്നങ്ങളിൽ നിന്ന് ശ്രദ്ധ തിരിക്കുകയും ചെയ്യുന്ന സാംസ്കാരിക പ്രവർത്തകർ അവരുടെ കാര്യം മാത്രം നോക്കുന്നവരായി മാറിയിരിക്കുന്നു എന്ന് ഫാറൂഖ് കോളജിലെ അവസാനസെമസ്റ്റർ അറബിക് വിദ്യാർത്ഥിയായ ടി. മൊയ്തീൻ കോയ ആരോപിക്കുന്നു.

അധികാരക്കസേര ഉറപ്പിക്കാനുള്ള എളുപ്പ മാർഗ്ഗമായി ഇന്ന് മതങ്ങൾ തെരഞ്ഞെടുക്കപ്പെട്ടിരിക്കുന്നു. ആൾ ദൈവങ്ങളുടെ കപട സേവനത്തിലൂടെ ജനങ്ങളുടെയും അധികാരികളുടെയും കണ്ണിൽ ഭസ്മമിട്ട് കള്ളക്കടത്തും പണമിടപാടുകളും നടക്കുകയാണ്. ഈ വിധം മതവും ദൈവങ്ങളും നമ്മുടെ അപ്രീതിയ്ക്ക് കാരണമായിത്തീരുന്നുവെന്ന് കാലിക്കറ്റ് യൂനിവേഴ്സിറ്റി ക്യാമ്പസിലെ രാധ തുറന്നു പറയുന്നു. എന്നാൽ മനുഷ്യന്റെ കുതന്ത്രങ്ങൾക്ക് മതത്തെ കുറ്റം പറയുന്നതിൽ കാര്യമില്ലെന്നാണ് ഫാറൂഖ് കോളജിലെ അവസാനവർഷ ബി.കോം വിദ്യാർത്ഥിയായ അബ്ദുൽ ഫത്താഹിന്റെ അഭിപ്രായം. ജീവിതത്തിൽ താളം നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന ഇക്കാലത്ത് മതത്തിലേക്ക്, ദൈവത്തിലേക്ക് ഓരോരുത്തരും മടങ്ങുകയാണ്. ദൈവസ്മരണ കൊണ്ടേ മന:ശാന്തി കൈവരൂ എന്ന ഖുർആൻ സൂക്തം വളരെ സത്യസന്ധമാണെന്ന് കോഴിക്കോട് റൗളത്തുൽ ഉലും അറബിക് കോളജിലെ രണ്ടാം വർഷ വിദ്യാർത്ഥി സൽമാൻ പറയുന്നത്.

നമ്മെത്തേടിയുള്ള അന്വേഷണങ്ങൾക്ക് ഇവിടെ പൂർണ്ണ വിരാമമിടാൻ നമുക്കാവുന്നില്ല. കൂടുതൽ കൂടുതൽ നമ്മെ തിരിച്ചറിയുന്തോറും കൂടുതൽ കൂടുതൽ നമ്മുടെ ഉള്ളം വെന്തു നീറുന്നു. നമുക്കു മുകളിൽ സർവ്വനാശത്തിന്റെ വശീകരണ ശക്തിയുള്ള കുട നിവർത്തപ്പെട്ടിരിക്കുന്നുവെന്നും നമ്മെത്തന്നെ റാഞ്ചാൻ ഏതോ ശവംതീനിക്കഴുകൻമാർ കാലിൽ ഭക്ഷണവും കൊക്കിൽ ബോംബുമായി വട്ടമിട്ടു പറക്കുന്നുവെന്ന യാഥാർത്ഥ്യം കുറച്ചു പേരെങ്കിലും തിരിച്ചറിഞ്ഞിരിക്കുന്നുവല്ലോ? ഇവിടെ നമുക്കുതന്നെ നമ്മെ പുച്ഛിക്കാം. അല്ലെങ്കിൽ സ്വയം സഹതപിക്കുകയെങ്കിലുമാകാം;


**"നമ്മളെന്താ ഇങ്ങനെയൊക്കെ.....?!"**

# ഗ്രാസിമിന് ശേഷം.....




അബ്ദുറഹീം. എം.കെ
രണ്ടാംവർഷ കെമിസ്ട്രി

*"കുഞ്ഞ് അമ്മയെ അള്ളിപ്പിടിക്കുന്നതുപോലെ ഞങ്ങൾ ഭൂമിയെ പുണർന്ന് ഇവിടത്തന്നെ നിൽക്കും. അണക്കെട്ടിൽ ജലം ഉയരുമ്പോൾ ആ മഹാപ്രളയത്തെ ഞങ്ങൾ നേരിടും. ഇത് ആത്മഹത്യയല്ല. ഞങ്ങളുടെ ജീവനസമരമാണ്."* സ്വന്തം അമ്മയുടെ മാറ് കുത്തിത്തുറന്നാൽ അവസാനത്തെ തുള്ളി മുലപ്പാലും ഊറ്റിയെടുക്കാമെന്ന് അഹങ്കരിച്ച് സാങ്കേതിക വിദ്യകളിൽ പുളകം കൊളളുന്ന ഈ നൂറ്റാണ്ടിൽ, അനാവശ്യമായ സമരങ്ങൾ ചെയ്ത് വികസനങ്ങളെ മുരടിപ്പിക്കുന്ന ജനങ്ങളുള്ള, സംഘടനകളുള്ള ഈ നൂറ്റാണ്ടിൽ തങ്ങളുടെ ജീവനും വായുവിനും ജലത്തിനും വേണ്ടി സമരം ചെയ്യുന്ന ദശലക്ഷക്കണക്കിന് ജനവിഭാഗമുണ്ടീ ലോകത്ത്. ഇന്ന് ഇന്ത്യയിലെ നർമ്മദാപ്രശ്നം പോലെ ഒരുകാലത്ത് ഇന്ത്യയെയും കേരളത്തെയും പിടിച്ചു കുലുക്കിയ സംഭവമായിരുന്നു മാവൂർ ഗ്വാളിയോർ റയോൺസ് സമരം. അവിടെ നർമ്മദയും അണക്കെട്ടുമാണ് പ്രശ്നമെങ്കിൽ ഇവിടെ അത് ഗ്രാസിം കമ്പനിയും ചാലിയാർ പുഴയുമായിരുന്നു. ലോകത്ത് ഉടലെടുത്ത സംസ്കാരങ്ങളൊക്കെത്തന്നെയും നദീതടങ്ങളിലായിരുന്നു. അതേപോലെ ചാലിയാറിനും പറയാൻ ഒരുപാട് കഥകളുണ്ട്, ഉയർച്ചയുടെയും താഴ്ചയുടെയും വേലിയേറ്റത്തിന്റെയും വേലിയിറക്കങ്ങളുടെയും കഥകൾ......



1963ന് മുമ്പ് ഈ പുഴയുടെ ഇരുതീരങ്ങളിലും രണ്ടു സുന്ദര ഗ്രാമങ്ങളുണ്ടായിരുന്നു. പുഴയിൽ നിന്ന് കുളിർക്കാറ്റേറ്റ് വിടർന്നു നിൽക്കുന്ന സസ്യലതാദികളും പച്ചപ്പുൽമേടുകളും വയലുകളും നിറഞ്ഞ മലപ്പുറം ജില്ലയിലെ വാഴക്കാട് ഗ്രാമമായിരുന്നു ഒന്ന്. ആ ഗ്രാമത്തിനൊരു സത്യസന്ധതയുണ്ടായിരുന്നു. ഈ പച്ചപ്പുകൾക്ക് സാക്ഷിയായി മണ്ണിന്റെ മണമുള്ള കർഷകരും പുഴയുടെ കാവൽക്കാരായി ചാലിയാറിന്റെ സന്തതികളും ഈ നാടിനെക്കുറിച്ചോർത്തഭിമാനിച്ചിരുന്നു. മറുകരയിലാണ്, കേര വൃക്ഷങ്ങളാൽ അലംകൃതമായ മാവൂർ ഗ്രാമം. കേരളാ ചരിത്രത്തിൽ ഈ ഗ്രാമങ്ങൾക്ക് വലിയ പ്രശസ്തിയൊന്നുമില്ലായിരുന്നു. കാലത്തിന് മാറ്റാൻ കഴിയാത്തതായിട്ടൊന്നുമില്ലല്ലോ .... അത് ചരിത്രത്തിൽ പുതിയത് പലതും എഴുതിച്ചേർക്കും. സത്യങ്ങളെ അസത്യങ്ങളാക്കും. ഈ ഗ്രാമങ്ങൾക്കും കാലത്തിന്റെ ഗതി നിർണ്ണയത്തിൽ പലതും ചെയ്യാനുണ്ടായിരുന്നു. കേരളം സ്വപ്നം കാണുക പോലും ചെയ്യാത്ത ഒരു ഉയർച്ചയിലേക്ക് കയറിപ്പോകാൻ ഈ ഗ്രാമങ്ങൾക്ക് അധികമൊന്നും താമസമുണ്ടായില്ല. വ്യാവസായിക വിപ്ലവത്തിന്റെ പ്രതിഫലനമാണല്ലോ ആധുനിക പുരോഗതി. വ്യവസായങ്ങളാണ് ഇന്നൊരു നാടിന്റെ പുരോഗതിക്കും അധോഗതിക്കും നിദാനം. മാവൂരിന്റെയും വാഴക്കാടിന്റെയും ചരിത്രത്തിലും ഇതു തന്നെയായിരുന്നു സംഭവിച്ചത്.

വാഴക്കാട് – മാവൂർ നിവാസികൾക്ക് മറക്കാനാവാത്ത വർഷമായിരുന്നു 1963. ചിലർക്കത് മനസ്സിന്റെയടിത്തട്ടിൽ വേദനകൾ സൃഷ്ടിക്കുമ്പോൾ മറ്റു ചിലരിൽ സുഖമുള്ള ഓർമ്മകളായിരിക്കും. മനുഷ്യരങ്ങിനെയാണ്, അമ്മയെ തല്ലിയാലും രണ്ട് പക്ഷം എന്ന് പറയുന്നതു കേട്ടിട്ടില്ലേ. ശത്രുക്കൾ സത്യത്തിന്റേതോ അതോ മിത്രങ്ങൾ അസത്യത്തിന്റേതോ? 1958 മെയ് 3ന് കേരള സർക്കാർ ലോകോത്തര കമ്പനിയായ ബിർളാ ഗ്രൂപ്പുമായി ഒപ്പുവെച്ച കരാറിന്റെയടിസ്ഥാനത്തിൽ 1963ൽ മാവൂരിന്റെ നെഞ്ചകത്ത് അഞ്ഞൂറേക്കറോളം വിസ്തീർണ്ണത്തിൽ ഗ്വാളിയോർ റയോൺസ് സിൽക് മാനുഫാക്ചറിംഗ് ആന്റ് വീവിംഗ് കമ്പനി ആരംഭിക്കുകയും അത് പിന്നീട് ഗ്രാസിം ഫാക്ടറിയായി രൂപാന്തരം പ്രാപിക്കുകയും ചെയ്തു. ഈ കമ്പനിയിൽ പൾപ്പ് ഉൽപാദനം തുടങ്ങിയതോടെ മലിനീകരണം ആരംഭിക്കുകയും അതിനെതിരായുള്ള പ്രക്ഷോഭങ്ങൾ തുടങ്ങുകയും ചെയ്തു. ഈ വ്യാവസായികശാല ഈ ഗ്രാമങ്ങളിലെ ജനങ്ങളുടെ ജീവിതക്രമത്തിൽ നിർണ്ണായക പങ്കുവഹിക്കാൻ തുടങ്ങി. സാധാരണ ഗ്രാമീണ ജീവിതത്തിൽ നിന്നും മെച്ചപ്പെട്ട നാഗരിക ജീവിതശൈലിയിലേക്ക് ഈ ഗ്രാമങ്ങളുടെ മക്കൾ പരിവർത്തനം ചെയ്യപ്പെട്ടു. ഈ വ്യവസായശാലയിൽ നിന്നും ലഭിച്ച സാമ്പത്തിക പുരോഗതി നാടിന്റെ വിവിധങ്ങളായ മേഖലകളിൽ സ്വാധീനം ചെലുത്തിയപ്പോൾ ജീവിതത്തിൽ യാതൊരുവിധ സ്വാധീനം ലഭിക്കാത്തവരും ഈ ഗ്രാമങ്ങളിലുണ്ടായിരുന്നുവെന്നത് മറുവശം. വലിയൊരളവോളം ജനങ്ങൾക്ക് തൊഴിൽ നൽകുകവഴി നാട് സാമ്പത്തിക പുരോഗതിയുമായി അതിവേഗം കുതിക്കുമ്പോൾ ചാലിയാറിന്റെ മക്കളായ മാവൂരിലെയും വാഴക്കാടിലെയും ജനങ്ങളുടെ ശുദ്ധവായുവും ജലവും കമ്പനി മലിനമാക്കിക്കൊണ്ടിരിക്കുകയായിരുന്നു. 1968ൽ കമ്പനിയിൽ പൾപ്പ് പ്ലാന്റിന് പുറമെ ഫൈബർ ഡിവിഷൻ കൂടി പ്രവർത്തിച്ചു തുടങ്ങിയതോടെ ഈ മലിനീകരണം പൂർവ്വാധികം ശക്തി പ്രാപിച്ചു. കമ്പനിയുടെ പ്രവർത്തനം ആരംഭിച്ചതുമുതൽ മലിനീകരണവും ആരംഭിച്ചുകഴിഞ്ഞിട്ടുണ്ടെന്ന് മനസ്സിലാക്കിയ പ്രദേശവാസികളും അതിനെതിരെ പ്രതികരിച്ചു തുടങ്ങി.



'കമ്പനിയിലെ വായു – ജല മലിനീകരണത്തിനെതിരെ ജനങ്ങൾ നാനാവിധ പ്രക്ഷോഭങ്ങൾ സംഘടിപ്പിച്ചു തുടങ്ങി. 1967ൽ തൊഴിലാളികളും പരിസരവാസികളും ചേർന്ന് രൂപീകരിച്ച ചാലിയാർ ഡിഫൻസ് കമ്മറ്റി നടത്തിയ പ്രക്ഷോഭങ്ങൾ, 1972ൽ ഫാക്ടറി പൂട്ടിയതിനെത്തുടർന്ന് തൊഴിലാളികൾ നടത്തിയ റിലീഫ് സമരം, 1973ൽ അയ്യായിരത്തോളം ജനങ്ങൾ ഒരുമിച്ചുചേർന്ന് എളമരത്ത് കമ്പനി സ്ഥാപിച്ച ബണ്ടുകൾ പൊളിച്ചുനീക്കിയതും അതിനെത്തുടർന്നുണ്ടായ പ്രശ്നങ്ങളുമൊക്കെ 1985ന് മുമ്പ് കമ്പനിക്കെതിരെ നടന്ന വ്യത്യസ്തമായ പ്രക്ഷോഭങ്ങളായിരുന്നു. 1985 ജൂലൈ 7ന് മലിനീകരണം നിയന്ത്രിക്കാനാവാത്ത സാഹചര്യത്തിൽ തൊഴിൽ കുഴപ്പങ്ങളാരോപിച്ച് കമ്പനി അടച്ചുപൂട്ടി. ഇത് ചാലിയാർ തീരവാസികൾക്ക്







തൽക്കാലത്തിന് മലിനീകരണ മുക്തി നൽകിയെങ്കിലും ചില തൊഴിലാളികൾ ജീവിത ദുരിതത്തെത്തുടർന്ന് ആത്മഹത്യ ചെയ്ത സാഹചര്യത്തിൽ 1988 ഒക്ടോബർ 27ന് കമ്പനിയുടെ നിബന്ധനകൾക്ക് സർക്കാർ വഴങ്ങുകയും കമ്പനി തുടർന്ന് പ്രവർത്തിക്കുകയും ചെയ്തു. അസംസ്കൃത വസ്തുക്കളുടെ വില വെട്ടിക്കുറക്കുകയും തൊഴിലാളികൾ മാനേജ്മെന്റിന്റെ ബന്ദികളായിത്തീരുകയും, ജല - വായു മലിനീകരണം പൂർവ്വാധികം ശക്തമാവുകയും ചെയ്തു. 1995 ജൂൺ 23ന് മൂന്ന് തൊഴിലാളികൾ മരണപ്പെട്ടത് ഗ്രാസിമിനെക്കുറിച്ച് വരുന്ന റിപ്പോർട്ടുകൾ ശരിവെയ്ക്കുന്നതായിരുന്നു.

1963ൽ ഗ്രാസിം കമ്പനി സ്ഥാപിതമായതിനു ശേഷം മാവൂരിന്റെയും വാഴക്കാടിന്റെയും ഹരിതാഭമായ ദൃശ്യങ്ങൾക്ക് പകരം കറുത്ത തീ തുപ്പുന്ന കൂറ്റൻ ചിമ്മിണികളാണ് കാണാൻ കഴിഞ്ഞിരുന്നത്. ആ പുക പച്ചപ്പിനെ കറുത്തതാക്കി മാറ്റി എന്ന് വാദിക്കുന്നവർ, തങ്ങളുടെ വാദം പുറം ലോകത്തെത്തിക്കുന്നതിൽ ഒരുപരിധിവരെ വിജയിച്ചു. മാവൂരിലും വാഴക്കാടിലും പച്ചതെങ്ങോലകൾ പോലും കാണാനാവാത്ത വിധത്തിൽ കമ്പനി പ്രകൃതിയെ നശിപ്പിച്ചുവെന്ന് സമരക്കാർ പറഞ്ഞുപരത്തി. എന്നാൽ ഈ ആരോപണങ്ങളെല്ലാം കളവാണെന്ന് അവകാശപ്പെടുന്ന ധാരാളമാളുകൾ ഇവിടങ്ങളിൽ ഉണ്ടായിരുന്നു. ചാലിയാറായിരുന്നു ഏറ്റവുമധികം മലിനീകരിക്കപ്പെട്ടത്. ചാലിയാറിൽ വെളുത്ത പത മൈലുകളോളം വ്യാപിച്ചിരുന്നു. ഇവിടങ്ങളിലെ മണൽ തൊഴിലാളികൾ പലവിധ രോഗങ്ങൾക്ക് അടിമപ്പെട്ടു.

കമ്പനിയിൽ നിന്നുള്ള മലിനീകരണം മൂലമാണ് ക്യാൻസർ, ആസ്തമ, മീന മാതാ, ബാല ടി.ബി തുടങ്ങിയ രോഗങ്ങളുണ്ടായതെന്ന് ഒരു കൂട്ടർ വാദിക്കുമ്പോൾ, കമ്പനിയിലെ മലിനീകരണമല്ല മറിച്ച് ആഹാര പദാർത്ഥങ്ങളിലെ വിഷാംശങ്ങളാണ് കാരണമെന്ന് മറ്റൊരുകൂട്ടർ വാദിക്കുന്നു. വാഴക്കാട് - മാവൂർ പഞ്ചായത്തുകളിൽ കാൻസർ രോഗികളുടെ എണ്ണം ശരാശരിയേക്കാൾ കൂടുതലാണെന്നും അതല്ല സാധാരണ നിലയിലാണെന്നുമുള്ള അഭിപ്രായങ്ങൾ ഇവിടങ്ങളിലെ ജനങ്ങൾക്കിടയിൽ തന്നെയുണ്ട്. ഇതിനിടയിൽ കമ്പനിക്കെതിരെയുള്ള സമരത്തിൽ മുൻനിരയിലുണ്ടായിരുന്ന സമരനായകൻ കെ.എ. റഹ്മാൻ സാഹിബിന് കാൻസർ രോഗം പിടിപെട്ടത് കമ്പനിക്കെതിരെയുള്ള സമരത്തിന് ശക്തി കൂടാനിടയാക്കി.

1960കളിൽ സ്കൂൾ കുട്ടികളും വൃദ്ധരുമടങ്ങുന്ന സംഘം സമരമാരംഭിച്ചതുമുതൽ അവരിലൊരംഗമായിരുന്നു കെ.എ. റഹ്മാൻ. പല നേതാക്കളുടെയും സംഘടനകളുടെയും നേതൃത്വത്തിലായി സമരങ്ങൾ. 1967ലാണ് കെ.എ. റഹ്മാന്റെ നേതൃത്വത്തിൽ സമരസമിതി നിലവിൽ വരുന്നതും സമരം വ്യവസ്ഥാപിതമാവുന്നതും. റഹ്മാൻ മറ്റ് സമരക്കാരെപ്പോലെയോ സംഘടനകളെപ്പോലെയോ ഏതെങ്കിലും ഗൂഢലക്ഷ്യം മനസ്സിൽവെച്ചായിരുന്നില്ല സമരം നടത്തിയത്. താൻ കാരണമോ, സമരം കാരണമോ യാതൊരാൾക്കും തൊഴിൽ നഷ്ടപ്പെടരുതെന്ന് നിർബന്ധമുണ്ടായിരുന്നതുപോലെ തന്റെ നാട്ടിലെ വായുവും ജലവും മലിനമാക്കപ്പെടരുതെന്നും അദ്ദേഹത്തിന് നിർബന്ധമുണ്ടായിരുന്നു. കമ്പനി പൂട്ടാൻ പ്രക്ഷോഭം നടത്തിയ അദ്ദേഹം തന്നെ, തൊഴിലാളികളുടെ കഷ്ടപ്പാടുകൾ കണ്ട് കമ്പനി തുറപ്പിക്കാനും സമരം നടത്തി. സമര രംഗത്ത് തന്നോടൊപ്പം ആദ്യകാലത്തുണ്ടായിരുന്ന പലരും രംഗം വിട്ടുപിൻമാറിയിട്ടും, പല ആളുകളെയും കമ്പനിക്ക് വിലക്കെടുക്കാൻ കഴിഞ്ഞെങ്കിലും അദ്ദേഹം തന്റെ നിലപാടിൽ ഉറച്ച് നിന്നു. കമ്പനി മൂലമുണ്ടാകുന്ന കാൻസറിനെതിരായിരുന്നു അദ്ദേഹത്തിന്റെ പ്രധാന സമരം. താനെന്തിനെതിരായാണോ സമരം നടത്തിയത് ആ രോഗം തനിക്ക് പിടിപെട്ടിട്ടുണ്ടെന്ന് മനസ്സിലാക്കിയ റഹ്മാൻ സാഹിബ്, കമ്പനിക്കും തൊഴിലാളിക്കും യാതൊരു നഷ്ടവുമില്ലാതെ കമ്പനി പ്രവർത്തിപ്പിക്കാൻ ശ്രമിച്ച അതേ മനുഷ്യൻ, ഗ്രാസിം കമ്പനി അടച്ചുപൂട്ടുകയല്ലാതെ മറ്റു മാർഗമില്ലെന്ന് തിരിച്ചറിഞ്ഞ് അന്തിമ സമരത്തിന് 1997 ഡിസംബർ 10ന് ആഹ്വാനം ചെയ്തു. റഹ്മാൻ സാഹിബിന്റെ മരണം കമ്പനിക്കെതിരെയുള്ള സമരത്തിന് ശക്തി പകരാൻ സഹായിച്ചു. അത് പല അഭിനവ സംഘടനകളും വ്യക്തികളും തങ്ങളുടെ ഗൂഢലക്ഷ്യങ്ങൾക്കായി ഉപയോഗിക്കുകയും ചെയ്തു.

സാധാരണ ഗതിയിൽ കക്ഷിരാഷ്ട്രീയക്കാരാണ് സമര



ങ്ങൾക്ക് നേതൃത്വം നൽകാറുള്ളത്. എന്നാൽ ഗ്രാസിം ഫാക്ടറിയിൽ ട്രേഡ് യൂണിയനുകളായിരുന്നു തൊഴിലാളി സമര നേതൃത്വം വഹിച്ചിരുന്നത്. പല കാരണങ്ങൾ കൊണ്ടും സാധാരണയായി സമര രംഗത്തുണ്ടാവുന്ന രാഷ്ട്രീയ സംഘടനകൾ മലിനീകരണത്തിനെതിരെയുള്ള സമരത്തിൽ നിന്നും, തൊഴിലാളികൾക്കു വേണ്ടിയുള്ള സമരത്തിൽ നിന്നും അകലം പാലിച്ചിട്ടുണ്ട്. എന്നാൽ കക്ഷിരാഷ്ട്രീയക്കാർ സമരത്തിൽ തീരെ പങ്കാളികളല്ല എന്നത് ശരിയല്ല. കാരണം അന്ന് കമ്പനിക്കെതിരെ കേട്ടിരുന്ന പ്രധാന മുദ്രാവാക്യങ്ങളിലൊന്നായിരുന്നു

"ബിർലാ കമ്പനി കണ്ടാലൊന്നും

ബാഫഖി തങ്ങൾ ഞെട്ടൂല്ലാ....." എന്നുള്ളത്. എന്നാൽ മണ്ണിനും മനുഷ്യനും വേണ്ടി പ്രവർത്തിക്കുന്നുവെന്ന് പറയപ്പെടുന്നവർക്ക് പോലും ഗൂഢ താത്പര്യങ്ങളാണുണ്ടായിരുന്നത്. അതുപോലെ ചില തീവ്രവാദ സംഘടനകളും ഇതിനിടയിൽ പ്രവർത്തിച്ചിട്ടുണ്ട്. വളരെ വിവാദമായ രാമനിലയം കരാർ വന്നതും, ഇപ്പോഴത്തെ വിദ്യാഭ്യാസ മന്ത്രി ഇ.ടി. മുഹമ്മദ് ബഷീർ, എളമരം കരീം, പി.പി. ഉമ്മർ കോയ, ഗ്രോവാസു തുടങ്ങിയ പല പ്രമുഖരും നേതൃനിരയിലേക്ക് ഉയർന്നുവന്നതും ഗ്രാസിം കമ്പനിക്കെതിരെയുള്ള സമരത്തിലൂടെയായിരുന്നു. കമ്പനിക്കെതിരെ സമരം വരാനുള്ള പ്രധാനമായ മറ്റൊരു കാരണം ഉള്ളവനും ഇല്ലാത്തവനും തമ്മിലുള്ള അസൂയ കാരണമാണെന്ന് പറഞ്ഞ് കേൾക്കുന്നതിലും സത്യമില്ലാതില്ല. ഉയർന്ന ശമ്പളത്തിനും ബോണസിനും പുറമെ തൊഴിലാളികളുടെ ജീവിത നിലവാരം അഭിവൃദ്ധിപ്പെടാൻ ഒട്ടേറെ അവസരങ്ങൾ ഉണ്ടായിരുന്നു.മാവൂരിലെ പ്രസിദ്ധമായിരുന്ന ഗ്വാളിയോർ റയോൺസ് ഇംഗ്ലീഷ് മീഡിയം ഹൈസ്കൂൾ എസ്.എസ്.എൽ.സി പരീക്ഷക്ക് നൂറു ശതമാനം വിജയം ദശാബ്ദങ്ങളോളം നിലനിർത്തിയിരുന്നു. ഈ സ്കൂളിലൂടെ തൊഴിലാളികളുടെ മക്കളുടെ പഠനനിലവാരം ഉയർന്നു വന്നതും അവരിൽ പലരും മെഡിക്കൽ-എഞ്ചിനീയറിംഗ് ഉൾപ്പെടെയുള്ള പല ഉയർന്ന മേഖലയിൽ എത്തിപ്പെട്ടിട്ടുണ്ടെന്നുള്ളതും കമ്പനി തൊഴിലാളികളെല്ലാത്തവരിൽ അസൂയ ഉളവാക്കി. അത് കൊണ്ട് തന്നെ കമ്പനി പൂട്ടേണ്ടത് അവരുടെ കൂടി ആവശ്യമായിരുന്നു.

വർഷങ്ങളായുള്ള വായു-ജല മലിനീകരണം ജനങ്ങളുടെ ആരോഗ്യം തകർത്തു കളഞ്ഞു. തന്റെ അവസാനകാലത്ത് കെ.എ റഹ്മാൻ സാഹിബ് കടുത്ത




തീരുമാനങ്ങളിൽ എത്താനുള്ള പ്രധാന കാരണം താനൊരിക്കൽ കണ്ട് മറന്ന, തെളിനീരൊഴുകുന്ന, മീനുകൾ സൂര്യനെ നോക്കി തുള്ളിച്ചാടുന്ന ചാലിയാർ, മരിക്കുന്നതിന്ന് മുമ്പൊരിക്കൽ കൂടി കാണണമെന്നാഗ്രഹമുള്ളതിനാലായിരുന്നു. അക്കാലങ്ങളിൽ ഉയർന്നു കേട്ട മറ്റൊരു പ്രധാന മുദ്രാവാക്യമായിരുന്നു

"കുടിച്ച്ണ ബെള്ളം ഗുലുമാലാക്ക്ണ

ബിർലാക്കമ്പനി മാണ്ടേ മാണ്ടാ....." എന്ന ഏറനാടൻ മലയാളത്തിൽ മുഴങ്ങിയ മുദ്രാവാക്യം. 1999 ജനുവരി 17ന് റഹ്മാൻ സാഹിബിന്റെ മരണശേഷം ചാലിയാർ സമരസമിതിയുടെ നേതൃത്വത്തിൽ അനിശ്ചിതകാല നിരാഹാര സത്യാഗ്രഹം ആരംഭിച്ചു. മെയ് പത്തോടു കൂടി കമ്പനി ഉൽപാദനം നിർത്തിവെച്ചു. 2001 ജൂൺ 30ന് സത്യാഗ്രഹഫലമായി കമ്പനി എന്നന്നേക്കുമായി അടച്ചു പൂട്ടി. അങ്ങനെ വികസനത്തിന്റെ ഒരടിത്തറ തകർന്നു വീണു.

> അമ്മേ, ഭൂമിദേവീ,
> ഞാൻ നിന്നിൽ നിന്ന് ഖനനം ചെയ്തെടുക്കുന്നത്
> നിന്നിൽ വീണ്ടും വന്നു നിറയട്ടെ.
> ജീവദായകിയായ ഭൂമി,
> നിന്റെ ദേഹത്തു ഞാനേൽപ്പിക്കുന്ന ക്ഷതം
> നിന്റെ മർമ്മ ബിന്ദുക്കളോളം എത്താതിരിക്കട്ടെ.
> എന്റെ കരസ്പർശം നിനക്ക്
> മരണകാരണമാകാതിരിക്കട്ടെ....... (അഥർവ്വവേദം)


ഗ്രാസിം ഫാക്ടറി പ്രവർത്തിക്കുന്ന സമയത്ത് സമരക്കാരുടെയും പരിസ്ഥിതി പ്രവർത്തകരുടെയും പ്രധാന ലക്ഷ്യങ്ങളിലൊന്ന് ചാലിയാറിനെ രക്ഷിക്കുക എന്നുള്ളതായിരുന്നു. ഗ്രാസിമിനു ശേഷം ഈ ഗ്രാമങ്ങൾക്കിടയിലൂടെ ഒഴുകിക്കൊണ്ടിരിക്കുന്ന പുഴക്കെന്തു സംഭവിച്ചു? സമരക്കാർ പറയുന്നതുപോലെ ചാലിയാർ പുനർജനിച്ചുവോ? 'ഗ്രാസിമിന്റെ പതനത്തിനു ശേഷം' എന്ന ആശയവുമായി ഞങ്ങൾ വാഴക്കാടും മാവൂരും സന്ദർശിച്ചപ്പോൾ, പുഴയെക്കുറിച്ച് അവർക്ക് പറയാനുണ്ടായിരുന്നത്......

" ഗ്രാസിം പ്രവർത്തിക്കുമ്പോൾ ഫാക്ടറിയിലെ മാലിന്യങ്ങൾ പുഴയിലേക്കായിരുന്നു ഒഴുക്കി വിട്ടിരുന്നത്. കാലത്തിനനുസരിച്ച് ഒഴുക്കി

വിടുന്ന സ്ഥലങ്ങൾക്ക് മാത്രമേ വിത്യാസമുണ്ടായിരുന്നുള്ളൂ. അതിനാൽ തന്നെ ചാലിയാറിലെ വെള്ളം എന്നും മലിനമായിരുന്നു. ഫാക്ടറി അടച്ചതിനു ശേഷം ശുദ്ധമായ വെള്ളത്തോടു കൂടി പുഴ ഒഴുകിക്കൊണ്ടിരിക്കുന്നു.'' ഇതാണ് സമരക്കാരനും കോളേജ് അദ്ധ്യാപകനുമായ എൻ.എ. റഹ്മാന് പറയാനുള്ളത്. "മലിനീകൃതമായ ജലത്തിൽ നിന്നും മലിനമുക്തമായ ജലത്തിലേക്കുള്ള പരിവർത്തന ത്തിന്റെ ദശയായിരുന്നു കമ്പനി അടച്ചിട്ടതിനു ശേഷമുള്ള ഈ കാലയളവ്." വാഴക്കാട് ഗവ:എച്ച്.എസ്.എസ്. ക്ലർക്ക് പറഞ്ഞതിതാണ്. ഈ പരിവർത്തനം പുഴയുടെ പുനർജന്മമായാണ് അദ്ദേഹം വിലയിരുത്തിയത്. വാഴക്കാട് പഞ്ചായത്ത് പ്രസി: അബ്ദുള്ള സാഹിബിന്റെ വാക്കുകൾ ''ഫാക്ടറി അടക്കുന്നതിനു മുമ്പ് മത്സ്യബന്ധനത്തിനും മണൽ വാരുന്നതിനും കുളിക്കുന്നതിനു പോലും ഇവിടത്തെ വെള്ളം യോഗ്യമല്ലായിരുന്നു. എന്നാൽ കമ്പനി അടച്ചതിനു ശേഷം പുഴ രക്ഷപ്പെട്ടു. വെള്ളം ശുദ്ധമായി.'' ഫാക്ടറിയിലെ മാലിന്യങ്ങൾ മൂലം മലിനമായിക്കൊണ്ടിരുന്ന പുഴവെള്ളം കൃഷിക്കു പോലും ഉപയോഗ്യമായിരുന്നില്ല. ഇന്ന് ആ അവസ്ഥയിൽ നിന്നും പുഴ മാറുകയും കൃഷിക്കും മറ്റും യോഗ്യമായ വെള്ളം ലഭിക്കുകയും ചെയ്യുന്നുവെന്നാണ് വാഴക്കാട് ഗവ:എച്ച്.എസ്.എസ്. പി.ടി.എ. പ്രസിഡണ്ടും, സമരക്കാരനും തൊഴിലാളിയുമായിരുന്ന കെ. ആലി സാഹിബ് വിലയിരുത്തുന്നത്.

പുഴയെക്കുറിച്ചറിയാൻ ഏറ്റവും യോഗ്യമായ സ്ഥലം പുഴക്കര തന്നെയാണ്. ഒടുവിൽ ഞങ്ങളവിടെയെത്തി. അവിടെ ഒരു സ്ത്രീ അലക്കിക്കൊണ്ടിരിക്കുകയായിരുന്നു. അവരോട് ചാലിയാറിനെക്കുറിച്ച് ചോദിച്ചു... "പുഴ രക്ഷപ്പെട്ടു." മറുപടി വളരെ പെട്ടന്നായിരുന്നു. അന്ന് പുഴയിൽ മുട്ടുവരെ അഴുക്കുണ്ടായിരുന്നുവത്രെ...... ഇന്ന് സുഖമായി അലക്കി കുളിക്കാം എന്നാണവർ പറഞ്ഞത്.

**''കക്കയും പെറുക്കാം, മീനും പിടിക്കാം, നല്ല വെള്ളോാണ്. പക്ഷെ അക്കരെ കടക്കാനാളില്ല. അതുകൊണ്ട് കഞ്ഞി കുടിക്കാൻ വളരെ ബുദ്ധിമുട്ടാ....''**



കടത്തുകാരൻ തെയ്യനും മകനും



കടത്തുകാരൻ തെയ്യന്റെ ഹൃദയത്തിൽ നിന്നുള്ള വാക്കുകളാണിത്. പുഴ രക്ഷപ്പെട്ടുവെന്നതിൽ ആശ്വസിക്കുമ്പോഴും സ്വന്തം കാര്യം എങ്ങനെ നിറവേറ്റും എന്ന ചിന്തയിലാണയാൾ.


പുഴയെ മുഴുവനായി മാലിന്യമുക്തമായി തിരിച്ചുകിട്ടിയെന്നോ, പുഴ പുനർജനിച്ചുവെന്നോ പറയാൻ ആരും തയ്യാറല്ല. ഒരു വശത്ത് പാഴ്വസ്തു ക്കളും മലിന വസ്തുക്കളും ചത്ത മൃഗങ്ങളെയും പുഴയിൽ തള്ളുന്നതിലൂടെ പുഴയെ മലിനമാക്കുന്ന വരും മറുവശത്ത് അനധികൃത മണൽ വാരലിലൂടെ പുഴയെ നശിപ്പിക്കുന്നവരും ഉണ്ട്. പഞ്ചായത്ത് അധികൃതരുടെ ഭാഗത്തു നിന്ന് അതിനെതിരായി ശബ്ദമുയർന്നിട്ടു പോലും ചാലിയാറിന് ഭാരതപ്പുഴയുടെ ഗതിവരുമോ എന്ന് സംശയിക്കു ന്നവരും ഉണ്ട്. തങ്ങളുടെ നാട്ടുകാർ അല്ലെങ്കിൽ തങ്ങൾ തന്നെ ചെയ്യുന്ന ഈ പുതിയ പ്രവണതക്കെതിരെ, മുമ്പ് ഫാക്ടറിയുടെ മലിന ജലം പുഴയിലൊഴുക്കിയതിനെതിരെ സമരം നടത്തിയവർ കണ്ടിട്ടും നിശ്ശബ്ദത പാലിക്കുന്നത് വിരോധാഭാസം തന്നെ. ഇതെക്കുറിച്ച് മുൻകാല സമരക്കാരനോട് ചോദിച്ചപ്പോൾ '' ഈ പാവം തൊഴിലാളികളുടെ തൊഴിൽ നഷ്ടപ്പെടുത്തുന്നത് അഭികാമ്യമല്ല'' എന്നായിരുന്നു മറുപടി. നൂറിൽ താഴെ മാത്രം വരുന്ന ഈ തൊഴിലാളികളുടെ ജോലി നഷ്ടപ്പെടുന്ന തിനെക്കുറിച്ചോർത്ത് വിലപിക്കുന്ന ഇദ്ദേഹം പതിനായിരക്കണക്കിനു പേരുടെ തൊഴിൽ നഷ്ട പ്പെട്ടതോർത്ത് പരിഭവിക്കാത്തതെന്തുകൊണ്ടെന്ന് മനസ്സിലാക്കാൻ കഴിയുന്നില്ല.

സത്യത്തിൽ ചാലിയാറിന്റെ പുനർജന്മം, കെ.എ. റഹ്മാൻ സാഹിബ് കണ്ട സ്വപ്നതുല്യമായ ചാലിയാർ, ഒരു മിഥ്യയാണ്. ഫാക്ടറികളോ ജനങ്ങളോ തൊഴിലാളികളോ സമരക്കാരോ ആയിട്ട് ആരെങ്കിലുമൊക്കെ പുഴയുടെ ശത്രുക്കളായി എന്നെന്നും ഉണ്ടായിക്കൊണ്ടിരിക്കുമെന്ന്, ഇന്നത്തെ ചാലിയാറിന്റെ അവസ്ഥ കണ്ടാൽ പറയാൻ പറ്റും, തീർച്ച.






ഷംസുദ്ദീൻ (വ്യാപാരി)



മാവൂർ വിജയൻ

**സമരക്കാരും സമരാനുകൂലികളും സാമ്പത്തിക പ്രതിസന്ധിയെ നിഷേധിക്കുമ്പോൾ തൊഴിലാളികളും നിഷ്പക്ഷരായ ആളുകളും സാമ്പത്തിക പ്രതിസന്ധി കാര്യമായി ബാധിച്ചു എന്ന പക്ഷക്കാരാണ്.**

ഗ്രാസിം ഫാക്ടറിക്കെതിരെ ഉയർന്ന മറ്റൊരു പ്രധാന ആരോപണം വായു മലിനമാക്കുന്നുവെന്നായിരുന്നു. ശ്രീ. തെയ്യൻ തന്റെയൊരനുഭവം ഞങ്ങളുമായി പങ്കുവെച്ചു. "ഞാൻ എന്റെ കൊച്ചുമകനുമായി തോണിയിൽ യാത്ര ചെയ്ത് ഏകദേശം നടുവിലെത്തിയപ്പോൾ കമ്പനിയിൽ നിന്നും പുറത്തുവരുന്ന പുക വായുവിൽ താഴ്ന്ന് വരുന്നത് കാണാൻ തുടങ്ങി. ആ പുക കാരണം കുട്ടിക്ക് ശ്വാസതടസ്സം അനുഭവപ്പെട്ടു. വേഗം കരയിലേക്ക് കയറിയ ഞാൻ കുട്ടിയുമായി ഓടുകയായിരുന്നു. ഇന്നാണെങ്കിൽ ശുദ്ധവായു ലഭിക്കുന്നു, ദുർഗന്ധമില്ല." അതേ....... വായു പുനർജനിച്ചിരിക്കുന്നു! ഇത് സത്യം.... "സ്വസ്ഥമായിരുന്ന് കാറ്റ് കൊള്ളാം. പുഴക്കരയിലൂടെ ശുദ്ധവായു ശ്വസിച്ചു നടക്കാം." വാഴക്കാട് പഞ്ചായത്ത് വൈസ് പ്രസിഡണ്ടിന്റെ വാക്കുകളിൽ ഗ്രാസിമിനു ശേഷം അക്ഷരാർത്ഥത്തിൽ പുനർജന്മം ലഭിച്ചത് വായുവിനു മാത്രമാണ്.

ഒരു പ്രദേശത്തിന്റെ ഏറ്റവും വലിയ വിഭവം മാനവവിഭവ ശേഷി തന്നെ. അത് ഒരു ഗ്രാമമായാലോ? യാതൊരു സംശയവുമില്ല. മനുഷ്യരുടെ നിലനിൽപ്പും ആ പ്രദേശത്തിന്റെ നിലനിൽപും ഈ മാനവവിഭവ ശേഷിയെ അടിസ്ഥാനമാക്കിയാണ്. അതുപോലെ തൊഴിലാളികളാണ് ഏതൊരു സമൂഹത്തിന്റെയും അടിസ്ഥാനം. മാവൂരിന്റെയും വാഴക്കാടിന്റെയും ഗ്രാമങ്ങളിലെ തൊഴിലുകളെല്ലാം കമ്പനിയെ ആശ്രയിച്ചായിരുന്നു. കമ്പനി അടച്ചതിനു ശേഷം ഈ ഗ്രാമങ്ങളിലെ സാമ്പത്തികസ്ഥിതിക്ക് എന്തു സംഭവിച്ചു? ഇതേകുറിച്ച് ഗ്രാമവാസികൾതന്നെ രണ്ട് അഭിപ്രായക്കാരാണ്. സമരക്കാരും സമരാനുകൂലികളും സാമ്പത്തിക പ്രതിസന്ധിയെ നിഷേധിക്കുമ്പോൾ തൊഴിലാളികളും നിഷ്പക്ഷരായ ആളുകളും സാമ്പത്തിക പ്രതിസന്ധി കാര്യമായി ബാധിച്ചു എന്ന പക്ഷക്കാരാണ്.

തന്റെ നാട്ടിലെ സാമ്പത്തിക സ്ഥിതിക്ക് യാതൊരു കോട്ടവും സംഭവിച്ചിട്ടില്ലായെന്ന് തറപ്പിച്ചു പറയുകയാണ് വാഴക്കാട് പഞ്ചായത്ത് പ്രസിഡണ്ട്. ഫാക്ടറിയിലൂടെ തങ്ങളുടെ നാടിന് കാര്യമായിട്ടൊന്നും ലഭിച്ചിരുന്നില്ല എന്നാണദ്ദേഹത്തിന്റെ അഭിപ്രായം. അതുപോലെ അയ്യായിരത്തിൽ താഴെ മാത്രമെ സ്ഥിരം തൊഴിലാളികളുണ്ടായിരുന്നൂ എന്നും അതിൽ തന്നെ എണ്ണൂറിനു താഴെ മാത്രമെ വാഴക്കാടുണ്ടായിരുന്നൂ എന്നും അവർക്ക് ലഭിച്ച നഷ്ടപരിഹാരത്തുക കൊണ്ടുമാത്രം സാമ്പത്തിക പ്രതിസന്ധി പരിഹരിക്കാൻ കഴിയില്ല എന്നും അവർ സമർത്ഥിക്കുന്നു. അതേ സമയം മാവൂർ പഞ്ചായത്ത് പ്രസിഡണ്ടിന്റെ വാക്കുകൾ ശ്രദ്ധിക്കൂ..... "ഗ്രാസിം കമ്പനി അടച്ചതിനുശേഷം ഓരോ വർഷവും ലക്ഷക്കണക്കിനു രൂപ നികുതിയായും മറ്റും ലഭിക്കുന്നത് ഇല്ലാതായതുമൂലം സാമ്പത്തിക പ്രതിസന്ധിയു ണ്ടായി." ഇതേ അഭിപ്രായക്കാരാണ് കെ. ആലി, കൃഷ്ണദാസ്, അസീസ് തുടങ്ങിയവർ. സമരത്തിനു നേതൃത്വം നൽകിയ എൻ.എ. റഹ്മാൻ സാഹിബും ഈ വാദത്തെ അനുകൂലിക്കുന്നു. കമ്പനി അടച്ചതു കാരണം തൊഴിലില്ലായ്മ വർദ്ധിച്ചു. തൊഴിൽ


പ്രശ്നം സമൂഹത്തിൽ സൃഷ്ടിച്ച പ്രശ്നങ്ങളും അതേ തുടർന്നുണ്ടായ അനുബന്ധ പ്രശ്നങ്ങളെക്കുറിച്ചും കമ്പനിയിലെ മെയിന്റനൻസ് വകുപ്പിൽ എഞ്ചിനീയറായിരുന്ന മൊയ്തീൻ സാഹിബ് വിശദീകരിക്കുന്നു. "നഷ്ട പരിഹാരം ലഭിച്ചവർ അവരുടെ പണം വീടു നിർമ്മാണത്തിനും കല്ല്യാണാവശ്യത്തിനും ഉപയോഗിച്ചിട്ടുണ്ട്. മറ്റു ചിലർ ഒരു മാർബിൾ മാഫിയയിൽ വഞ്ചിതരാവുകയും വാഴക്കാട് നിന്നുമാത്രം ഒന്നര ക്കോടിയോളം രൂപ അവർ തട്ടിയെടുക്കുകയും ചെയ്തിട്ടുണ്ട്."

കമ്പനിയിൽ നിന്നും പിരിച്ചുവിടപ്പെട്ടവരും ജോലി നഷ്ടപ്പെട്ടവരും ഇപ്പോൾ എന്തു ചെയ്യുന്നു? അവർ ഉപജീവന മാർഗ്ഗമായി ഏതുജോലിയെയാണ് അവലംബിച്ചത്? ഞങ്ങളുടെ അന്വേഷണം ഇതിലേക്കു തിരിഞ്ഞു. സ്വീഡിഷ് സാമൂഹ്യ ശാസ്ത്രജ്ഞനായ ഹേമിംഗ് മാഗ്‌വെൽ പറഞ്ഞതു പോലെ തൊഴിലില്ലായ്മ സമൂഹത്തിൽ എല്ലാവിധ അക്രമ പ്രവർത്തനങ്ങളും സാമൂഹികാരക്ഷിതാവസ്ഥയും ഉണ്ടാക്കുമെന്നത് ഒരു പരിധിവരെ സംഭവിച്ചു. ഇന്ന് ചാലിയാർ പുഴയുടെ ദുരന്തകാരണമായ മണൽവാരലും മറ്റും ഉടലെടുത്തത് ഈ ഒരു സാഹചര്യത്തിൽ നിന്നാണ്. ഇന്ന് കമ്പനിയുമായി ബന്ധപ്പെട്ടുവരുന്ന വസ്തുക്കൾ വൻതോതിൽ കൊള്ളയടിക്കപ്പെടു കയാണ്. അതുകൊണ്ടുതന്നെ കമ്പനിയുടെ സുരക്ഷ ഇന്ന് വലിയൊരു സംഘം ഗൂർഖകളുടെ കൈയിലാണ്. തൊഴിൽ നഷ്ടപ്പെട്ട ഈ ഗ്രാമത്തിലെ ജനങ്ങൾ വിവിധതരം തൊഴിലുകളിലേക്ക് തിരിഞ്ഞതുകാരണം തൊഴിലില്ലായ്മ ഒരു പരിധിവരെ നിയന്ത്രിക്കാൻ കഴിഞ്ഞിട്ടുണ്ട്. പ്രശസ്ത സാമൂഹ്യ പ്രവർത്തകനായ ശ്രീ. മാവൂർ വിജയന്റെ വാക്കുകൾ "ജനങ്ങളിൽ വലിയൊരു വിഭാഗം ഗൾഫിലേക്ക് ജോലി തേടി പോയി. മറ്റു ചിലർ ബ്രോക്കർമാരായും, വണ്ടിക്കച്ചവടമായും, കൃഷിയുമായും, ലൈംഗിക തൊഴിലാളികളായും കഴിഞ്ഞു കൂടുന്നു. ഇവിടെ ഏറ്റവും കൂടുതൽ പ്രയാസപ്പെട്ടത് സ്ത്രീകളാണ്. മറ്റുതൊഴിലുകൾ കിട്ടാൻ അവർ ബുദ്ധിമുട്ടി. ഇന്ന് പലരും മെഡിക്കൽ കോളേജിൽ അപ്പം വിറ്റാണ് പണം സമ്പാദിക്കുന്നത്."

ഇന്നും വലിയൊരു ചോദ്യചിഹ്നമായി അവശേഷിക്കുന്നത് കമ്പനിയിലെ കരാർ തൊഴിലാളികളുടെ അവസ്ഥയാണ്. കമ്പനിയിലെ സ്ഥിരം തൊഴിലാളികൾക്ക് നഷ്ടപരിഹാരം ലഭിച്ചുവെങ്കിലും യാതൊരു വിധ ആനുകൂല്യവും ലഭിക്കാത്ത അവർ ഇന്നും സമരത്തിലാണ്. കമ്പനിയിലെ കരാർ തൊഴിലാളിയായിരുന്ന ഹംസക്കയുടെ വാക്കുകൾ "ഞാനടക്കം ആയിരക്കണക്കിന് കരാർ തൊഴിലാളികളുണ്ടായിരുന്നു. കമ്പനി അടപ്പിച്ചതിനു ശേഷം ഞങ്ങളുടെ കാര്യം നോക്കാൻ മാത്രം ആരുമുണ്ടായില്ല. നഷ്ടപരിഹാരം ലഭിക്കാൻ വേണ്ടി ഞങ്ങളിപ്പോൾ കോടതിയെ സമീപിച്ചിരിക്കുകയാണ്."

ഒരു നാട്ടിലെ വ്യവസായശാല സാമൂഹിക രംഗത്ത് എത്ര വലിയ മാറ്റമാണ് ഉണ്ടാക്കുകയെന്ന് കമ്പനി അടക്കുന്നതിനു മുമ്പുള്ള മാവൂരിന്റെയും

**കമ്പനിയിൽ നിന്നും പിരിച്ചുവിടപ്പെട്ടവരും ജോലി നഷ്ടപ്പെട്ടവരും ഇപ്പോൾ എന്തു ചെയ്യുന്നു? അവർ ഉപജീവന മാർഗ്ഗമായി ഏതുജോലിയെയാണ് അവലംബിച്ചത്? ഞങ്ങളുടെ അന്വേഷണം ഇതിലേക്കു തിരിഞ്ഞു.**





ഗംഗാധരൻ, ആലപ്പുഴ സക്കറിയ, സക്കറിയയുടെ ഭാര്യ



തയ്യിൽ ഹംസ (ട്രേഡ് യൂണിയൻ നേതാവ്)



മൊയ്തീൻ (കമ്പനി എഞ്ചിനീയർ)



എൻ.എ. റഹ്മാൻ(അധ്യാപകൻ)

വാഴക്കാടിന്റെയും അവസ്ഥ എടുത്താൽ അറിയാൻ സാധിക്കും. കമ്പനിയുടെ ശമ്പളത്തോടനുബന്ധിച്ചുള്ള മംഗളകർമ്മങ്ങളും ഉത്സവങ്ങളും ക്ലബ്ബ് വാർഷികങ്ങളും തുടങ്ങി എല്ലാ മേഖലകളിലും കമ്പനിക്കതിന്റേതായ പങ്കുണ്ടായിരുന്നു. എന്നാൽ കമ്പനി അടച്ചതിനു ശേഷം പണ്ടുണ്ടായിരുന്നത്ര ഉഷാറ് ഇന്നത്തെ ഒരു പരിപാടിയിലും ഉണ്ടായിരുന്നില്ല. കമ്പനിയിലെ തൊഴിലാളിയും യൂണിയൻ നേതാവുമായിരുന്ന തയ്യിൽ ഹംസയുടെ വാക്കുകൾ ശ്രദ്ധിക്കൂ..." കമ്പനി ശമ്പള ദിവസം കമ്പനിയുടെ ഗേറ്റിനു മുമ്പിൽ വലിയൊരു നിരതന്നെയുണ്ടാവും; പിരിവുകാരും യാചകരും സഹായം അഭ്യർത്ഥിച്ചുവന്നവരും തുടങ്ങി നിരവധി പേർ. ഇന്നതു മാറി. മുൻകാലങ്ങളിൽ ഓരോ ദിവസവും വിവിധയിനം പരിപാടികൾ മാവൂർ അങ്ങാടിയിലു ണ്ടാകുമായിരുന്നു. എന്നാൽ ഇന്നവിടെ പൂരം കഴിഞ്ഞ ഉത്സവപ്പറമ്പു പോലെയാണ്."

വിദ്യാഭ്യാസ രംഗത്ത് കമ്പനി നടത്തിയ വിപ്ലവകരമായ മാറ്റം നാട്ടുകാർ അനുഭവിച്ചറിഞ്ഞതാണ്. ഗ്വാളിയോർ റയോൺസ് ഇംഗ്ലീഷ് മീഡിയം സ്കൂളിന്റെ ഇന്നിന്റെ അവസ്ഥ അറിയാൻ ഞങ്ങളവിടെ എത്തിച്ചേർന്നു. കാഴ്ചകൾ വളരെ ദയനീയമായിരുന്നു. സ്കൂളിന്റെ ബഹുനില കെട്ടിടത്തിൽ ഇന്നു പഠനമില്ല. സ്കൂൾ അടച്ചു പൂട്ടിയിരിക്കുന്നു. മാവൂരിന്റെയും വാഴക്കാടിന്റെയും വിദ്യാഭ്യാസ രംഗത്ത് സമൂലമായ മാറ്റത്തിന് തിരികൊളുത്തിയ ഈ സ്കൂൾ ഇനി അധികകാലം നിലനിൽക്കുമെന്ന് പറയാൻ പറ്റില്ല. കാരണം ചില സാമൂഹ്യദ്രോഹികൾ അവർക്കെടുക്കാൻ പറ്റാവുന്ന എല്ലാ വസ്തുക്കളും, കസേര, മേശ, ബെഞ്ച് തുടങ്ങി വാതിലുകൾ വരെ അപഹരിച്ചിരിക്കുന്നു. വിദ്യാഭ്യാസ രംഗത്ത് കമ്പനി വലിയ മാറ്റങ്ങൾ ഉണ്ടാക്കിയെന്ന് പറയുന്നവർ തന്നെ കമ്പനി അടച്ചതിനു ശേഷമാണ് വലിയ മാറ്റമുണ്ടായതെന്ന് അവകാശപ്പെടുന്നു. മാവൂരിലെ കച്ചവടക്കാരനായ ഷംസുക്കയുടെ അഭിപ്രായത്തിൽ കമ്പനി അടച്ചതിന് ശേഷമാണ് 'പഠിച്ചാലേ വല്ല കാര്യവും കിട്ടൂവെന്ന് കുട്ടികൾ മനസ്സിലാക്കിയത്.' കമ്പനി അടച്ചതിന് ശേഷമാണ് മാവൂരിൽ ഡോക്ടർമാരും എഞ്ചിനിയർമാരും തുടങ്ങി ഉയർന്ന ഉദ്യോഗമുള്ളവർ വർദ്ധിച്ചതെന്ന് കണക്കുകളുടെ അടിസ്ഥാനത്തിൽ അദ്ദേഹം സമർത്ഥിക്കുന്നു.

ഒരു വ്യവസായശാല ഒരു പ്രദേശത്തെ സാമ്പത്തിക, സാമൂഹിക, വിദ്യാഭ്യാസ മേഖലകളിൽ ചെലുത്തിയ സ്വാധീനമാണ് നാം കണ്ടത്. ഒരു വ്യവസായശാലയോടനുബന്ധിച്ച് മറ്റുപല സ്ഥാപനങ്ങളും തുടങ്ങുന്നത് സ്വാഭാവികമാണ്. മാവൂരിലും ധാരാളം കച്ചവട സ്ഥാപനങ്ങളും ഹോട്ടലുകളും ലോഡ്ജുകളുമുണ്ടായിരുന്നു. കമ്പനിയുടെ പ്രതാപകാലത്ത് ലോഡ്ജുകളിൽ മുറികൾ കിട്ടാത്ത അവസ്ഥയുണ്ടായിരുന്നു. അത് പോലെ അഞ്ചോളം ഹോട്ടലുകളും ഉണ്ടായിരുന്നു. എന്നാൽ കമ്പനി അടച്ചതിന് ശേഷമുള്ള മാവൂരിന്റെ അവസ്ഥയോ? "മുമ്പുണ്ടായിരുന്ന പല കടകളും പൂട്ടി പോയി. ഇന്ന് മാവൂരിൽ ആകെയുള്ളത് ഒരു ഹോട്ടൽ മാത്രമാണ്. അവിടെയാണെങ്കിൽ കച്ചവടം കുറവാണ്. കാര്യമായി ഒരൊറ്റ ലോഡ്ജുപോലും ഇന്നിവിടെയില്ല. ശംസുദ്ധീനെ പോലെയുള്ള പല വലിയ കച്ചവടക്കാരും കച്ചവടം കുറഞ്ഞത് കാരണം പൂട്ടിപ്പോവുകയും ഇപ്പോൾ ചെറിയ കച്ചവടവുമായി കഴിഞ്ഞു കൂടുകയും ചെയ്യുന്നു." -മാവൂർ വിജയനും, ഗംഗാധരനും, സക്കറിയ്യക്കും ഒരേ അഭിപ്രായം. തങ്ങൾ പറഞ്ഞ കാര്യങ്ങൾക്ക് തെളിവുകൾ വരെ അവർ കാണിച്ചു തന്നു. എന്നാൽ ഇവർ പറഞ്ഞ കച്ചവടക്കാരനായ ശംസുക്ക ഇത് പാടെ നിഷേധിക്കുന്നു. "എന്റെ കച്ചവടം പൂട്ടിയതിന് കാരണം കച്ചവടത്തിന്റെ

കുറവോ കമ്പനി അടച്ചതോ അല്ല. മറിച്ച് കച്ചവടം നോക്കിനടത്താൻ ആളില്ലാത്തതിനാലാണ്." കമ്പനി പൂട്ടിയത് നന്നായെന്നും അത് കാരണം ജനങ്ങൾ പാഠം പഠിച്ചു എന്നു പറയുവാനും അദ്ദേഹത്തിന് മടിയില്ല.

അന്വേഷണത്തിന് ഞങ്ങളെ കൂടുതൽ സഹായിച്ച വ്യക്തിയായിരുന്നു പനക്കൽ കമ്മുക്ക. ആദ്യ ദിവസം മുതൽ ഞങ്ങൾക്ക് എല്ലാ വിധ സഹായവും തന്ന അദ്ദേഹത്തിൽ നിന്ന് തന്നെയായിരുന്നു മാവൂരിനെയും വാഴക്കാടിനെയും കമ്പനിയെയും സംബന്ധിച്ചുള്ള ആദ്യവിവരങ്ങൾ കിട്ടിയതും. 1967 മുതൽ കമ്പനി അടക്കുന്നത് വരെ കമ്പനി തൊഴിലാളിയായിരുന്നു കമ്മുക്ക. തന്റെ ഗ്രാമത്തിന്റെ ഇന്നത്തെ അവസ്ഥയെ കുറിച്ച് പറയുമ്പോഴും കമ്പനിയെ കുറിച്ച് പറയുമ്പോഴും പലപ്പോഴും അദ്ദേഹത്തിന്റെ ശബ്ദം ഇടറിയിരുന്നു, പ്രിയപ്പെട്ടതെന്തോ നഷ്ടപ്പെട്ട കൊച്ചു കുട്ടിയെപ്പോലെ..... കമ്പനിയുടെ പ്രവർത്തനം നിലച്ചതിന് ശേഷം ഓരോ തൊഴിലാളിയും അനുഭവിക്കുന്ന മാനസിക സംഘർഷങ്ങളുടെ ആഴം അദ്ദേഹത്തിന്റെ മുഖത്ത് നിന്ന് വായിച്ചെടുക്കാമായിരുന്നു. 24000 തൊഴിലാളികളുടെ ഉപജീവനമാർഗ്ഗം നഷ്ടപ്പെടുത്തിയ സമരക്കാർക്ക് ഇവരിലൊരാൾക്കെങ്കിലും തൊഴിൽ നിൽകാൻ കഴിഞ്ഞുവോ എന്ന് അദ്ദേഹം രോഷത്തോടെ ചോദിക്കുന്നു. കമ്പനി അടക്കപ്പെട്ടു എന്ന യാഥാർത്ഥ്യം ഇപ്പോഴും അംഗീകരിക്കാൻ വയ്യാത്ത വിധം സ്തബ്ധരായവർ ഇന്നുമവിടെയുണ്ട്. കമ്പനിയുടെ കൈവശമുള്ള അഞ്ഞൂറോളം ഏക്കർ വരുന്ന പ്രദേശം എന്തിന് വേണ്ടി ഇനി ഉപയോഗിക്കാം എന്ന് ചോദിക്കുമ്പോൾ മലിനമുക്തമായ എന്ത് വ്യവസായമായാലും പ്രശ്നമില്ല എന്ന കാര്യത്തിൽ ജനങ്ങളെല്ലാം ഒറ്റക്കെട്ടാണ്.

വാഴക്കാടിലെയും മാവൂരിലെയും ജനങ്ങളുടെ പ്രിയപ്പെട്ട റഹ്മാനിക്കയെപ്പോലെ, കമ്പനി നിലനിർത്തികൊണ്ട് മാലിന്യമുക്തമായ പ്രവർത്തനത്തിന് വേണ്ടി വാദിച്ചവർ കുറവായിരുന്നു. അദ്ദേഹത്തിന്റെ കാഴ്ച്ചപ്പാടുകളെ സമരക്കാരിൽ ഭൂരിഭാഗമോ കമ്പനിയോ സർക്കാരോ പ്രവർത്തനത്തിൽ കൊണ്ട് വരാൻ ശ്രമിച്ചിട്ടില്ല. അതിന്റെ അനന്തര ഫലമായിരുന്നു കമ്പനിയുടെ അടച്ചുപൂട്ടൽ. മനുഷ്യർ എന്നും പുതുമകൾ തേടികൊണ്ടിരുന്നു. പുതിയ സംസ്കാരവും സമ്പ്രദായങ്ങളും രൂപപ്പെടുമ്പോൾ പലതും നഷ്ടപ്പെടാനുണ്ടാകും. ഇന്നിന്റെ സൗഭാഗ്യങ്ങൾ നാളെയുടെ ദൗർഭാഗ്യങ്ങളായി മാറിയേക്കാം എന്ന ചിന്തയില്ലാതെയുള്ള പ്രവർത്തനങ്ങളുടെ ഏറ്റവും വലിയ ഉദാഹരണമാണ് മാവൂർ ഗ്വാളിയോർ റയോൺസ്. വികസനത്തിന്റെ ഈ കൊട്ടാരം തകർന്നു വീണതിന്റെ കാരണക്കാർ ആരെന്നതിന്റെ ഉത്തരം ഇനിയും ലഭിച്ചിട്ടില്ല. വേണ്ടതിനും വേണ്ടാത്തതിനുമായി സമരം ചെയ്യുന്നവരോ? ശുചീകരണം നടത്താതെ, പിടിവാശിയാൽ കരാറുകൾ കാറ്റിൽ പറത്തിയ കമ്പനിയുടെ പ്രാദേശിക മാനേജ്മെന്റോ? അല്ലെങ്കിൽ എല്ലാവരും അവസാനം പഴിക്കുന്ന 'വിധി'യോ?

വികസനത്തിന്റെ വൻമതിലുകൾ തകർന്നു വീഴുമ്പോൾ പുതിയതിന് വേണ്ടിയുള്ള സമരങ്ങൾ ചെയ്യുന്നില്ലെങ്കിലും പഴയതിനെക്കറിച്ച് ചെറുതെങ്കിലുമായ അന്വേഷണങ്ങൾ രൂപംകൊള്ളേണ്ടതുണ്ട്. നിരവധിയാളുകൾ, സമരക്കാർ, പരിസ്ഥിതിവാദികൾ അവരവരുടെ വിജയമായിട്ടാണ് കേരളത്തിന്റെ തന്നെ ഈ ഒരു പരാജയത്തെകാണുന്നത്. അതങ്ങനെയാകണമല്ലോ? കേരളീയനെന്നും അവനവന്റെ വിജയത്തിന് വേണ്ടിയാണല്ലോ പ്രവർത്തിച്ചിരുന്നതും........!

